# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**

വാല്യം 42 ലക്കം 1
വാർഷിക വരിസംഖ്യ ₹ 100
Vol 42 No. 1
Annual Subscription ₹100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്
ഫെബ്രുവരി 2024

വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ



പരിശുദ്ധ അമ്മേ,

ലൗകികമായ വിസ്തൃതമാർഗം തേടി വഴിതെറ്റിയ ഞങ്ങളെ,
ഇടുങ്ങിയതും ഞെരുക്കമുള്ളതുമെങ്കിലും ജീവനിലേക്കു നയിക്കുന്ന
വിശിഷ്ടമാർഗം കാണിച്ചുതരാൻ ലോകത്തിലേക്കു വന്ന
നിന്റെ പുത്രന്റെ പ്രമാണങ്ങളെപ്പറ്റി നിരന്തരം ധ്യാനിക്കാനും
അവയുടെ മാർഗത്തിലൂടെ നടന്ന് നിത്യസൗഭാഗ്യത്തിലെത്തിച്ചേരാനും
ആവശ്യമായ കൃപാവരങ്ങൾക്കായി നിന്നോടു ഞങ്ങൾ മാദ്ധ്യസ്ഥ്യം തേടുന്നു.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**
**Vol. 42 No. 1**

**വാല്യം 42 ലക്കം 1 നോമ്പുകാലം ഫെബ്രുവരി 2024**

***"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം"*** (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- സഭയും ദൈവപുത്രത്വജീവിതവും 5
- നോമ്പുകാലം കൃപയുടെ സമയം 8
- ആയിത്തീരാം 10
- ആസാ 11
- പാരിസ്ഥിതിക പ്രതിസന്ധിയുടെ മാനുഷികവേരുകൾ 14
- സെനക്കിൾ തരംഗം 17
- ത്യാഗവഴികളിലൂടെ 18
- ആദ്യസിപ്പ് 20
- മക്കളെ വളർത്താം: തളരാതെ, തളർത്താതെ 22
- മൂന്നു നക്ഷത്രങ്ങൾ 26
- സ്നേഹം 28
- അമ്മയോടൊപ്പം 30

# ക്രൂശിതന്റെ കാവൽ

വന്യജീവി ആക്രമണങ്ങളിൽ ജീവനും ആരോഗ്യവും സ്വത്തുമൊക്കെ നഷ്ട പ്പെടുന്നവരുടെ പട്ടികയിൽ ഓരോ ദിവസവും ആളുകൾ കൂട്ടിച്ചേർക്കപ്പെട്ടു കൊണ്ടിരിക്കുകയാണ്. എന്നാൽ മനുഷ്യനു സുരക്ഷയൊരുക്കേണ്ട വ്യക്തികളും സംവിധാനങ്ങളും ഇനിയും വേണ്ടവിധം കർത്തവ്യനിരതരായിട്ടില്ല എന്നത് വേദ നാജനകംതന്നെ.

ഈലോകജീവനും ആരോഗ്യവും സ്വത്തും മാത്രമല്ല, നമ്മുടെ ആത്മാക്കളും ആക്രമണഭീഷണിയിൽത്തന്നെയാണ്. ദുഷ്ടാരൂപിയുടെ ആക്രമണങ്ങൾ പല രൂ പഭാവങ്ങളിൽ നമുക്കു ചുറ്റുമുണ്ട്. സ്നേഹരാഹിത്യവും സ്വാർത്ഥതയും പകയും വിദ്വേഷചിന്തകളും അനീതിയും അക്രമവും തീവ്രവാദവും മയക്കുമരുന്നുകളു മൊക്കെയാകുന്ന വേഷവിധാനങ്ങൾ കെട്ടിയാടി തിന്മയുടെ ശക്തികൾ ലോകത്തെ വരിഞ്ഞുമുറുക്കുന്നു.

എന്നാൽ ഈ ഭീഷണികളിൽ വീഴാതെ നമുക്കു സംരക്ഷണമേകാൻ നമ്മുടെ നല്ല ദൈവമുണ്ട്. പാപത്തിന്റെയും മരണത്തിന്റെയും പിടിയിൽനിന്ന് നമ്മെ രക്ഷിക്കാൻ സ്വന്തം ജീവൻ വിലയായി നല്കിയവനാണ് അവിടുന്ന്.... തിന്മയുടെ ശക്തികളൊരുക്കുന്ന കെണികളിൽവീഴാതെ നാം വിശുദ്ധരായി ജീവിക്കേണ്ട തിന് ഇന്നും ബലിയർപ്പിക്കുകയും ബലിയാകുകയും ചെയ്യുന്നവനാണവിടുന്ന്...

നമുക്കിതു നോമ്പുകാലം.... ദൈവമൊരുക്കുന്ന സംരക്ഷണത്തണലിൽ ആയി രിക്കാൻ പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും പരസ്നേഹത്തിന്റെയും ആവാസസ്ഥലമായി നാമോരോരുത്തരുടെയും ഉള്ളമൊരുക്കേണ്ട പുണ്യനാളു കളാണിത്. ക്രൂശിതനെ ധ്യാനിക്കുകയും ക്രൂശിതൻ നല്കുന്ന പാഠങ്ങൾ ജീവി തത്തിൽ പകർത്തുകയും ചെയ്തുകൊണ്ട് നമുക്ക് ക്രൂശിതന്റെ കാവലിലായി രിക്കാം.

ചീഫ് എഡിറ്റർ






# സഭയും ദൈവപുത്രത്വജീവിതവും

**റവ. മല്പാൻ മാത്യു വെള്ളാനിക്കൽ**

സഭാസമൂഹത്തെ പലരും കാണുന്നതും വിശേഷിപ്പിക്കുന്നതും വെറുമൊരു മതപരമായ സമൂഹമായിട്ടാണ്. മതപരമായ പരിവേഷം സഭയ്ക്കുണ്ടെങ്കിലും, സഭ യഥാർത്ഥത്തിൽ ദൈവമക്കളുടെ ഒരു കുടുംബമാണ്. ഈശോമിശിഹായിൽ വിശ്വസിക്കുന്നവരുടെ സമൂഹമാണല്ലോ സഭ. ഈ സഭാസമൂഹം രൂപംകൊണ്ടത് ദൈവമക്കളുടെ ഒരു സമൂഹമായിട്ടാണ്. യോഹന്നാൻസുവിശേഷകൻ ഇപ്രകാരം എഴുതുന്നു: "തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിക്കുന്നവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവുനല്കി. അവർ ജനിച്ചത് രക്തത്തിൽനിന്നോ ശാരീരികാഭിലാഷത്തിൽനിന്നോ പുരുഷന്റെ ഇച്ഛയിൽനിന്നോ അല്ല, ദൈവത്തിൽനിന്നത്രേ" (യോഹ 1,12-13). സഭാംഗത്വത്തിലേക്കു പ്രവേശിപ്പിക്കുന്ന കൂദാശയായ മാമോദീസാ നല്കിക്കഴിയുമ്പോൾ "സ്വർഗസ്ഥനായ പിതാവേ" എന്ന പ്രാർത്ഥന എല്ലാവരുംകൂടി ചൊല്ലുന്നത്, സഭ ദൈവമക്കളുടെ സമൂഹമാണെന്നതിന്റെ സൂചനയാണ്.

**ദൈവപുത്രത്വവും മരുഭൂമിയനുഭവവും**

ദൈവത്തിന്റെ രക്ഷാപദ്ധതിയിൽ സഹകരിക്കുവാനായി ദൈവം തിരഞ്ഞെടുത്ത പഴയനിയമദൈവജനത്തെ ദൈവം വിശേഷിപ്പിച്ചത് തന്റെ പുത്രനെന്നാണ്. ഈജിപ്തിലെ അടിമ

ത്തത്തിൽനിന്നും അവരെ മോചിപ്പിക്കുവാൻ മോശയെ പറഞ്ഞയയ്ക്കുമ്പോൾ ദൈവം ഇപ്രകാരം പറയുന്നു: "നീ ഫറവോയോടു പറയണം. കർത്താവു പറയുന്നു, ഇസ്രായേൽ എന്റെ പുത്രനാണ്, എന്റെ ആദ്യജാതൻ. ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു, എന്നെ ആരാധിക്കാൻവേണ്ടി എന്റെ പുത്രനെ വിട്ടയയ്ക്കുക. നീ അവനെ വിട്ടയയ്ക്കുന്നില്ലെങ്കിൽ നിന്റെ പുത്രനെ, നിന്റെ ആദ്യജാതനെത്തന്നെ ഞാൻ വധിക്കും" (പുറ 4,22-23).

അപ്രകാരം അടിമത്തത്തിൽനിന്നും സ്വതന്ത്രരാക്കി തന്റെ പുത്രത്വത്തിലേക്കു സ്വീകരിച്ച ഇസ്രായേൽജനതയെ മരുഭൂമി അനുഭവത്തിലൂടെയാണ് ദൈവം വാഗ്ദാനനാട്ടിലേക്കു നയിച്ചത്. തിരസ്കരിക്കപ്പെട്ട പഴയനിയമദൈവജനത്തിന്റെ സ്ഥാനത്ത് സ്വീകരിക്കപ്പെട്ട പുതിയനിയമദൈവജനത്തെയും അഥവാ സഭയെയും ഈ ലോകമാകുന്ന മരുഭൂമി അനുഭവത്തിലൂടെയാണ് ദൈവം തന്റെ സ്വർഗീയഭവനത്തിലേക്കു നയിക്കുന്നത്. റോമാക്കാർക്കുള്ള ലേഖനത്തിൽ പൗലോസ്ശ്ലീഹാ ഇതു സൂചിപ്പിക്കുന്നുണ്ട്: "ദൈവാത്മാവിനാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രന്മാരാണ്" (റോമാ 8,14).

**പ്രലോഭനങ്ങൾ: പുത്രത്വത്തിന് വെല്ലുവിളികൾ**

ദൈവമക്കളുടെ സമൂഹമായ സഭാംഗങ്ങൾക്ക്, ഈ ലോകജീവിതം പ്രലോഭനങ്ങളെ നേരിടേണ്ട മരുഭൂമി അനുഭവത്തിന്റെ വേദിയാണ്. പ്രലോഭനങ്ങൾ നമ്മുടെ ദൈവപുത്രത്വത്തിനുള്ള വെല്ലുവിളികളാണ്. ദൈവപുത്രനായ മിശിഹാ ഈ ലോകമാകുന്ന മരുഭൂമിയനുഭവത്തിലൂടെ കടന്നുപോകുകയും തന്റെ പുത്രത്വത്തിനു വെല്ലുവിളി ഉയർത്തിയ പ്രലോഭനങ്ങളെ അതിജീവിച്ച് നമുക്ക് മാതൃക നൽകുകയും ചെയ്തിട്ടുണ്ട് (മത്താ 4,1-11; ലൂക്കാ 4,1-13). 'നീ ദൈവപുത്രനാണെങ്കിൽ' എന്ന വെല്ലുവിളിയോടുകൂടിയാണ് പ്രലോഭകൻ ഈശോയെ സമീപിച്ചത് (മത്താ 4,3.6). ആ വെല്ലുവിളികളെയെല്ലാം അതിജീവിക്കുകയും മരണത്തിലൂടെ ദൈവഹിതം പൂർത്തിയാക്കുകയും ചെയ്ത ഈശോ (യോഹ 19,30) ദൈവമക്കളായ സഭാംഗങ്ങൾക്കെല്ലാം മാതൃകയാണ്.

**പ്രലോഭനങ്ങളും ലോകത്തിന്റെ സ്നേഹവും**

ദൈവമക്കളെന്ന നിലയിൽ സഭാംഗങ്ങൾക്കുണ്ടാകാവുന്ന പ്രലോഭനങ്ങൾ ദൈവസ്നേഹത്തിനു വിരുദ്ധമായ ലോകത്തിന്റെ സ്നേഹത്തിന്റെ പ്രതിഭാസങ്ങളാണ്. അവയെക്കുറിച്ച് യോഹന്നാൻശ്ലീഹാ തന്റെ ഒന്നാം ലേഖനത്തിൽ ഇപ്രകാരം പറയുന്നു: "ലോകത്തെയോ ലോകത്തിലുള്ള വസ്തുക്കളെയോ നിങ്ങൾ സ്നേഹിക്കരുത്. ആരെങ്കിലും ലോകത്തെ സ്നേഹിച്ചാൽ പിതാവിന്റെ സ്നേഹം അവനിൽ ഉണ്ടായിരിക്കുകയില്ല. എന്തെന്നാൽ ജഡത്തിന്റെ ദുരാശ, ലോകത്തിന്റെ ദുരാശ, ജീവിതത്തിന്റെ അഹന്ത ഇങ്ങനെ ലോകത്തിലുള്ളതൊന്നും പിതാവിന്റേതല്ല; പ്രത്യുത ലോകത്തിന്റേതാണ്" (1 യോഹ 2,15-16). ലോകത്തിന്റെ സ്നേഹത്തിന്റെ ഈ മൂന്നു പ്രതിഭാസങ്ങളാണ് ഈശോയുടെ ദൈവപുത്രത്വത്തിൽ വെല്ലുവിളികളായി, പ്രലോഭനങ്ങളായി ഈശോമിശിഹായ്ക്ക് അനുഭവവേദ്യമായത്. കല്ലുകളെ അപ്പമാക്കുവാനുള്ള പ്രലോഭനം - ജഡത്തിന്റെ ദുരാശ (മത്താ 4,3); ലോകത്തിന്റെ എല്ലാ രാജ്യങ്ങളും അവയുടെ മഹത്ത്വവും സ്വന്തമാക്കുവാനുള്ള പ്രലോഭനം - കണ്ണുകളുടെ ദുരാശ (മത്താ4,8-9); ദേവാലയാഗ്രത്തിൽനിന്നും താഴേയ്ക്കു ചാടുവാനുള്ള പ്രലോഭനം - ജീവിതത്തിന്റെ അഹന്ത (മത്താ 4,5-7). ഇവയെല്ലാം അതിജീവിച്ച് ദൈവസ്നേഹത്തിൽ നിലനിന്ന ദൈവപുത്രനായ ഈശോ, ദൈവമക്കളായ നമുക്കെല്ലാം മാതൃകയാണ്. ഈ ലോകസ്നേഹത്തിന്റെ വിവിധങ്ങളായ പ്രലോ

ഭനങ്ങളെ അതിജീവിച്ച് ദൈവമക്കൾക്കടുത്ത സ്നേഹബന്ധത്തിൽ, ദൈവസ്നേഹത്തിലും പര സ്നേഹത്തിലും നിലനില്ക്കുവാൻ നമുക്കു കഴിയണം.

**ദൈവമക്കൾ: ദൈവത്തിന്റെ അവകാശികൾ**

സഭാംഗങ്ങൾ ദൈവമക്കളാണ് എന്നതിന്റെ അവശ്യഫലമാണ് അവർ ദൈവത്തിന്റെ അവകാശികളാണ് എന്നത്. പൗലോസ്ശ്ലീഹാ പറയുന്നു: "നാം മക്കളെങ്കിൽ അവകാശികളുമാണ്; ദൈവത്തിന്റെ അവകാശികളും മിശിഹായുടെ കൂട്ടവകാശികളും. എന്തെന്നാൽ അവനോടൊപ്പം ഒരിക്കൽ മഹത്ത്വപ്പെടേണ്ടതിന് ഇപ്പോൾ അവനോടുകൂടെ നാം പീഡയനുഭവിക്കുന്നു" (റോമാ 8,17). ഈശോയുടെ ദൈവപുത്രസ്ഥാനത്തിന്റെ അവിഭാജ്യഘടകമായിരുന്നു സഹനം. അതിന്റെ തുടർച്ചയും ഫലവുമായിരുന്നു അവിടുത്തെ മഹത്ത്വീകരണം. ദൈവമക്കൾ എന്നനിലയിൽ നാം ജീവിക്കുമ്പോൾ, ദൈവവുമായുള്ള പിതൃപുത്രബന്ധത്തിനും ദൈവമക്കൾക്കടുത്ത സാഹോദര്യബന്ധത്തിനും ചേർന്നവിധം ജീവിതത്തെ ക്രമീകരിക്കേണ്ടതായിവരും. സ്വാഭീഷ്ടങ്ങളും സ്വന്തം സൗകര്യങ്ങളും ത്യജിച്ച് ദൈവസ്നേഹത്തിനും പരസ്നേഹത്തിനും അനുസൃതമായ ജീവിതം നയിക്കേണ്ടിവരും. അത് സഹനമുള്ളമാക്കുന്ന ഒരു ജീവിതമാണ്. എന്നാൽ ഈ സഹനം ദൈവപുത്രനായ ഈശോമിശിഹായുടെ മഹത്ത്വത്തിൽ പങ്കുചേരാമെന്ന പ്രത്യാശ നമ്മിൽ ഉളവാക്കുന്നു. അപ്രകാരം നമ്മുടെ ദൈവപുത്രത്വത്തിനു സഹജമായ പ്രലോഭനങ്ങളെ അതിജീവിച്ച്, സ്നേഹത്തിലും സാഹോദര്യത്തിലും ജീവിതത്തെ പടുത്തുയർത്തി, മഹത്ത്വീകരണത്തിലുള്ള പ്രത്യാശയോടെ ജീവിക്കുവാൻ സഭാംഗങ്ങൾക്കു കഴിയണം.

## ദൈവദാസൻ വില്യം ജകിന്താ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജകിന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192




2023 ലെ നോമ്പുകാല സന്ദേശത്തിൽ ഫ്രാൻസിസ് മാർപാപ്പ ഇപ്രകാരം എഴുതി: “ഓരോ ദിവസവും വിശുദ്ധ കുർബാനയിൽ നാം ശ്രവിക്കുന്ന ദൈവവചനത്തിലൂടെയാണ് ഈശോ നമ്മോടു സംസാരിക്കുന്നത്. അവൻ നമ്മോടു സംസാരിക്കുമ്പോൾ നാം അവനെ ശ്രദ്ധിക്കുന്ന കൃപയുടെ സമയമാണ് നോമ്പുകാലം”. ഒരിക്കൽക്കൂടി നോമ്പുകാലത്തേക്കു പ്രവേശിക്കുന്ന ഈ ന്യൂജനറേഷൻ കാലത്ത്, ഇഷ്ടഭോജ്യങ്ങൾ വർജ്ജിച്ച് ഉപവസിക്കുകയും നോമ്പ് നോക്കുകയുമൊക്കെ ചെയ്യേണ്ടത് ആവശ്യമാണോ എന്നു ചിന്തിക്കുന്നവരെ കണ്ടേക്കാം.

ആത്മീയതയില്ലാത്ത ഭൗതികതയക്ക് അമിതപ്രാധാന്യം നല്കുന്ന ജീവിതം വീർത്തുവരുന്ന ബലൂണിനു തുല്യമാണ്. ഏതു നിമിഷവും അതു പൊട്ടാം. അതോടെ എല്ലാം തീരുകയും ചെയ്യും. മനസ്സിന്റെയും ശരീരത്തിന്റെയും ആരോഗ്യം നഷ്ടപ്പെട്ട് നിരാശരായി ജീവിതം തള്ളിനീക്കുന്നവരും ജീവിതം അവസാനിപ്പിക്കുന്നവരും നമുക്ക് അപരിചിതമല്ല. തിരക്കേറിയ ഈ ജീവിതയാത്രയിൽ ഒന്നു നില്ക്കുവാനും, പിന്തിരിഞ്ഞു നോക്കി ജീവിതവഴി ക്രമപ്പെടുത്തുവാനും, ദൈവികപാതയിലൂടെ മുന്നേറുവാനും നോമ്പുകാലം നമ്മെ സഹായിക്കും. വ്യക്തിപരമായും സഭാത്മകമായും വിലയിരുത്തൽ നടത്തുവാനുള്ള ഈ നോമ്പുകാലത്ത് പ്രധാനമായും മൂന്നു കാര്യങ്ങളാണ് നാം ലക്ഷ്യം വയ്ക്കേണ്ടത്.

**1. പുതിയ ജീവിതശൈലി സ്വീകരിക്കുക**

നോമ്പുകാലം അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ഹൃദയപരിവർത്തനത്തിന്റെയും കാലമാണല്ലോ. പാപത്തോടൊപ്പം അതിലേക്കു നയിക്കുന്ന സാഹചര്യങ്ങളെയും വ്യക്തികളെയും തിരിച്ചറിഞ്ഞ് ഉപേക്ഷിക്കുവാനുള്ള ശക്തിയ്ക്കായിട്ടാണ് നാം നോമ്പുകാലത്തു പരിശ്രമിക്കുന്നത്. വി. പൗലോസ്ശ്ലീഹാ ഇപ്രകാരം ഉദ്ബോധിപ്പിക്കുന്നു: “നിങ്ങളുടെ പഴയ ജീവിതരീതിയിൽനിന്നു രൂപംകൊണ്ട വഞ്ചനനിറഞ്ഞ ആസക്തികളാൽ കലുഷിതനായ പഴയ മനുഷ്യനെ ദൂരെ എറിയുവിൻ. നിങ്ങൾ മനസ്സിന്റെ ചൈതന്യത്താൽ നവീകരിക്കപ്പെടട്ടെ. യഥാർത്ഥ

മായ വിശുദ്ധിയിലും നീതിയിലും ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട പുതിയ മനുഷ്യനെ നിങ്ങൾ ധരിക്കുവിൻ" (എഫേ 4,22-24).

ഇതേ ആശയംതന്നെ ബനഡിക്റ്റ് പതിനാറാമൻ മാർപാപ്പ 2010 ൽ നല്കിയ നോമ്പുകാല സന്ദേശത്തിൽ പറയുന്നുണ്ട്: "ധാർമ്മിക അധഃപതനത്തിനും തിന്മയുടെ അടിമത്വത്തിനും ഇടയാക്കുന്ന ഉപരിപ്ലവവും വഞ്ചനാത്മകവുമായ ജീവിതശൈലി നാം ഉപേക്ഷിക്കണം". അതായത്, ക്രിസ്തീയജീവിതത്തിന്റെ ഉന്നതമൂല്യങ്ങൾ മുറുകെപ്പിടിച്ചുകൊണ്ടു ജീവിക്കുവാൻ നോമ്പുകാലചൈതന്യം നമ്മെ പ്രാപ്തരാക്കണം.

**2. ആത്മീയ ഉണർവു പ്രാപിക്കുക**

പഴയനിയമത്തിലേക്കു കടന്നുചെല്ലുമ്പോൾ 40 വർഷങ്ങൾ മരുഭൂമിയിലൂടെ യാത്ര ചെയ്ത ഇസ്രായേൽജനതയെ നാം കാണുന്നു. മരുഭൂമിവാസം ഇസ്രായേൽക്കാർക്ക് ദൈവാനുഭവത്തിന്റെ കാലഘട്ടമായിരുന്നു. സ്വർഗത്തിൽനിന്നും മന്ന വർഷിച്ച് അവിടുന്ന് അവരെ തീറ്റിപ്പോറ്റുകയും പാറയിൽനിന്നുള്ള ജീവജലം നല്കുകയും ചെയ്തു. അതേസമയം മരുഭൂമിവാസം പരീക്ഷണങ്ങളുടെയും അപകടങ്ങളുടെയും കാലംകൂടിയായിരുന്നു. ദൈവത്തോടു ചേർന്നുനിന്നപ്പോഴെല്ലാം അവർക്ക് രക്ഷയുടെ അനുഭവം സ്വായത്തമായി.

പുതിയനിയമത്തിലേക്കു വരുമ്പോൾ 40 ദിനരാത്രങ്ങൾ മരുഭൂമിയിൽ ഉപവാസത്തിലും പ്രാർത്ഥനയിലും ചെലവഴിച്ച് ദൈവവചനശക്തിയാൽ സാത്താനെ പരാജയപ്പെടുത്തിയ ഈശോയെ നാം കണ്ടുമുട്ടുന്നു. പിതാവുമായുള്ള ഗാഢബന്ധത്തിന്റെ അവസരംകൂടിയായിരുന്നു ഈശോയ്ക്ക് തന്റെ മരുഭൂമിവാസക്കാലം. അതുപോലെ നോമ്പുകാലത്തെ പ്രാർത്ഥനയും ഉപവാസവുംവഴി ആത്മീയമായ ഉണർവു പ്രാപിക്കാനും പിശാചിന്റെ പ്രലോഭനങ്ങളെ അതിജീവിക്കാനും ദൈവത്തോടു പൂർണമായി ചേർന്നുനില്ക്കാനും നമുക്കു സാധിക്കണം.

**3. പാപങ്ങൾക്കു പരിഹാരമനുഷ്ഠിക്കുക**

നമ്മുടെ കഴിഞ്ഞകാല ജീവിതത്തിൽ ദൈവവും സഹോദരങ്ങളുമായുള്ള ബന്ധത്തിൽ വന്നുപോയ വിള്ളലുകൾ വിളക്കിച്ചേർക്കുവാനും നോമ്പുകാലം നമുക്ക് അവസരമൊരുക്കുന്നു. നമ്മുടെ അഹങ്കാരവും അത്യാഗ്രഹവും അറിവില്ലായ്മയുംമൂലം നാം ചെയ്തുപോയ പാപങ്ങളെക്കുറിച്ച് അനുതപിക്കുവാനും അവയ്ക്കു പരിഹാരം ചെയ്യുവാനും ഈ നോമ്പുകാലത്ത് നാം പരിശ്രമിക്കണം. മഹാനായ ഗ്രിഗറി മാർപാപ്പ തന്റെ അജപാലന നിയമത്തിൽ (Pastoral Rule) പറയുന്നു: "ഉപവിയും ഔദാര്യപ്രവർത്തനങ്ങളുംകൊണ്ട് ഉപവാസത്തെ വിശുദ്ധീകരിക്കണം. നാം സ്വമനസ്സാ ഉപേക്ഷിക്കുന്നതിന് ആനുപാതികമായി ദരിദ്രർക്കും അശരണർക്കും എന്തെങ്കിലും കൊടുക്കുവാൻ നമുക്കു കഴിയണം".

ചുരുക്കത്തിൽ നമ്മുടെ പാപങ്ങൾക്ക് പരിഹാരം ചെയ്യുവാനും ശരീരത്തെയും അതിന്റെ ദുർവാസനകളെയും നിയന്ത്രിക്കുവാനും ജീവിതനവീകരണം പ്രാപിക്കുവാനുമുള്ള അവസരമാണ് നോമ്പുകാലം. ദൈവത്തോടുകൂടി വസിച്ചും സഹോദരസ്നേഹത്തിൽ വളർന്നും പരിത്യാഗമനുഷ്ഠിച്ചും നാം നമ്മെത്തന്നെ വിശുദ്ധീകരിക്കണം. നമ്മുടെ ജീവിതശൈലികളിലും ചിന്താരീതിയിലും മാറ്റംവരുത്തി ദൈവഹിതമനുസരിച്ച് ജീവിക്കുവാനും സത്ഫലങ്ങൾ പുറപ്പെടുവിക്കുവാനും നമുക്കു കഴിയണം. വി. പൗലോസ്ശ്ലീഹായുടെ വാക്കുകൾ നമുക്കു വെളിച്ചമാകട്ടെ: "രാത്രി കഴിയാറായി, പകൽ സമീപിച്ചിരിക്കുന്നു. ആകയാൽ നമുക്ക് അന്ധകാരത്തിന്റെ പ്രവൃത്തികൾ പരിത്യജിച്ച് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം. പകലിനു യോജിച്ച വിധം നമുക്കു പെരുമാറാം" (റോമാ 13,12-13). അങ്ങനെ ഈ നോമ്പുകാലത്തെ കൃപയുടെ സമയമായി അനുഭവിക്കുവാൻ നമുക്കു സാധിക്കട്ടെ.




പ്രകൃതിരമണീയമായ ആ സ്ഥലത്ത് ആ വീട് വച്ചത് റിട്ടയർമെന്റിനുശേഷം സ്വസ്ഥവും ശാന്തവുമായ ജീവിതം സ്വപ്നം കണ്ടുകൊണ്ടായിരുന്നു. എന്നാൽ ഇന്ന് ആ 'വനത്തിലെ' നിശബ്ദത അവരെ ഭ്രാന്ത് പിടിപ്പിക്കുന്നു. മക്കൾ അവരുടെ അനുദിന ആവശ്യങ്ങളുമായി തിരക്കിലായി... വല്ല കാലത്തും ഒന്നു വീട്ടിൽ വന്നു പോകും. ജീവിതം എന്നും ഒരു കുരിശിന്റെ വഴിയാണ് എന്ന് അറിയാതെ അവരും പറഞ്ഞു തുടങ്ങി. കഷ്ടപ്പാടിന്റെയും ആകുലതയുടെയും ഒക്കെ കുരിശ്... നിശബ്ദതയുടെയും ഏകാന്തതയുടെയും കുരിശ്...

ആയിരുന്ന കാലത്ത് ലോകത്തിന് നല്ലതായവ മാത്രം പറഞ്ഞും ചെയ്തും കൊടുത്ത ഈശോയ്ക്ക് ലോകം കൊടുത്തത് ഹീനവും ഭാരം നിറഞ്ഞതുമായ കുരിശായിരുന്നു. മുറിവേറ്റ ശരീരത്തോടെ പരിഹാസ ശരങ്ങളുടെ ഇടയിലൂടെ നമ്രശിരസ്കനായി അവൻ നടന്നു നീങ്ങി. അവന്റെ സമയം പൂർത്തിയായപ്പോൾ ആ കുരിശ് മഹത്ത്വമുള്ളതായി തീർന്നു.

ദൈവം തന്റെ ഏകജാതനെ ലോകത്തിലേക്ക് അയക്കാൻ തക്കവിധം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. ദൈവത്തിന്റെ സ്നേഹപദ്ധതിയിൽ പെടാത്തതായി ഈ ലോകത്തിൽ ഒന്നുമില്ല.

അസൂയ മൂത്ത സഹോദരന്മാർ ജോസഫിനെ വിറ്റപ്പോഴും പരിചിതമല്ലാത്ത നാട്ടിൽ ഇരുട്ടറകളിൽ കിടക്കേണ്ടി വന്നപ്പോഴും ദൈവസ്നേഹം അവനെ വിട്ടു പിരിഞ്ഞിരുന്നില്ല. വരാൻപോകുന്ന കാലത്ത് തന്റെ ജനത്തിന്റെ സംരക്ഷകനായി ദൈവം അവനെ

ഒരുക്കുകയായിരുന്നു. ക്ഷീണിച്ചും സഹനങ്ങൾ ഏറ്റെടുക്കാൻ കഴിയാതെയും നിരാശയിലും ഒക്കെ ജീവിതം മുന്നോട്ടു പോകുമ്പോൾ, 'ദൈവമേ നിന്റെ പദ്ധതികൾ എന്നിൽ ഫലമണിയക്ക ക്കവിധം എന്നെ രൂപാന്തരപ്പെടുത്തണമേ' എന്ന് നമുക്കും പ്രാർത്ഥിക്കാം.

ഒരിക്കൽ ഒരു മനുഷ്യൻ ഇപ്രകാരം പറയുകയുണ്ടായി. നോമ്പുകാലമായിക്കഴിഞ്ഞാൽ ഞങ്ങൾ ഷീറ്റുമാത്രം വിരിച്ചാണ് കിടന്നുറങ്ങാറുള്ളത്. വെള്ളിയാഴ്ചകളിൽ ഉപവസിക്കാറുണ്ട്. ഞങ്ങളുടെ കുട്ടികളെ കൊണ്ടും ചെറുപ്പംമുതലേ അങ്ങനെതന്നെ ചെയ്യിക്കാറുണ്ട്. കാരണം കാലിത്തൊഴുത്തിൽ പിറന്നവന്റെ ത്യാഗങ്ങൾ ഏറ്റെടുക്കാൻ കുട്ടികളും പഠിക്കണമല്ലോ...

ത്യാഗങ്ങൾ ഇല്ലെങ്കിൽ നോമ്പുകൊണ്ട് എന്താണ് അർത്ഥം? പലപ്പോഴും ത്യാഗങ്ങൾ മാറ്റിവച്ചുള്ള 'നോമ്പാ'ണ് ജീവിതങ്ങളിൽ കാണുക. വികാരങ്ങളെ നിയന്ത്രിക്കാൻ കഴിയാതെ പൊട്ടിത്തെറിച്ചും അപരന്റെ വിശപ്പിന്റെ വില മനസ്സിലാക്കാതെ ഭക്ഷണസാധനങ്ങൾ പാഴാക്കിയും കുടുംബാംഗങ്ങളുടെപോലും അധ്വാനത്തെ കണ്ടില്ലെന്ന് നടിച്ച് അവരെ ഭാരപ്പെടുത്തിയും കുറ്റപ്പെടുത്തിയും സ്വന്തം സുഖംമാത്രം തേടിയും പരിശുദ്ധ കുർബാനയും കുമ്പസാരവുമൊക്കെ നാളുകളായി ഉപേക്ഷിച്ചും നടക്കുന്ന ജീവിതങ്ങളിൽ എങ്ങനെ ദൈവസ്നേഹം തിരിച്ചറിയാനാകും...? നിന്നിൽ യഥാർത്ഥത്തിൽ ദൈവസ്നേഹം ഉണ്ടെങ്കിൽ ത്യാഗത്തിന്റെ, കരുതലിന്റെ, ലാളിത്യത്തിന്റെ മനോഭാവം ഉടലെടുത്തുകൊള്ളും.

ഈ നോമ്പുകാലം നമുക്ക് ത്യാഗങ്ങൾ സ്വയം ഏറ്റെടുക്കാനുള്ളതും മറ്റുള്ളവരുടെ കണ്ണീരൊപ്പാനുള്ളതുമായിത്തീരട്ടെ...

ദൈവികപദ്ധതി പൂർത്തിയാകുംവരെ നിരാശകൾ അകറ്റി കുരിശിന്റെ പാതകളെ പുണരാനുള്ള കരുത്തുകാട്ടുന്നതാവട്ടെ...

പുതിയ തലമുറയ്ക്ക് ത്യാഗത്തിന്റെ മാർഗങ്ങൾ ചൂണ്ടിക്കാട്ടുന്നതാവട്ടെ....

സഹനച്ചൂടിലും വാടാതെ, കരുത്തോടെ നിൽക്കാൻ സഹായിക്കുന്നതാകട്ടെ....

ജീവിതത്തിൽ ഒന്നാം സ്ഥാനം ദൈവത്തിനു കൊടുക്കുന്നതിന്റെ മാധുര്യം ആസ്വദിക്കുന്നതാകട്ടെ...

*"കുരിശിനെ സ്നേഹിക്കുക; കുരിശിനെ സ്വീകരിക്കുക; കുരിശിനെ നോക്കി പുഞ്ചിരിക്കുക. കാരണം, ദൈവത്തിന്റെ സ്നേഹത്തിൽ നമ്മെ എത്തിക്കുവാൻ സഹായിക്കുന്ന ഏറ്റം വലിയ വഴിയാണ് കുരിശ്.*

*കുരിശിൽ സ്വയം ഹോമിച്ചുകൊണ്ടുപോലും ഈശോ എല്ലാ മനുഷ്യരേയും സ്നേഹിച്ചു. അതുകൊണ്ട് ക്രിസ്തീയസാഹോദര്യം ഒരുവനെ സ്വാർത്ഥതയുടെ മാളത്തിലൊളിക്കുവാനും സ്വയംതൃപ്തിയിൽമാത്രം മുഴുകുവാനും നിസ്സംഗനായിരിക്കുവാനും ഒരിക്കലും അനുവദിക്കുന്നില്ല".*

**(ദൈവദാസൻ വില്യം ജക്വീന്താ)**





# ആസാ

ഷിജി പറപ്പള്ളിയാത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

യൂദാരാജാവായ അബിയായുടെ പുത്രനാണ് ആസാ. അദ്ദേഹം ഇസ്രായേൽ രാജാവായ ജറോബോവാമിന്റെ വാഴ്ചയുടെ 20-ാം വർഷം യൂദായിൽ ഭരണം ഏറ്റെടുത്തു. ദാവീദുരാജാവിനെപ്പോലെ കർത്താവിന്റെ ദൃഷ്ടിയിൽ നീതിയും നന്മയും പ്രവർത്തിച്ചു. നാട്ടിൽ നടമാടിയിരുന്ന ആൺവേശ്യാ സമ്പ്രദായം അദ്ദേഹം ഉച്ചാടനം ചെയ്തു. പിതാക്കന്മാർ നിർമ്മിച്ച അന്യദേവന്മാരുടെ എല്ലാ വിഗ്രഹങ്ങളും നിർമ്മാർജനം ചെയ്തു. തന്റെ പിതാമഹി മാഖാ ആഷേരാദേവതയുടെ വിഗ്രഹം ഉണ്ടാക്കിയതിനാൽ അവളെ അമ്മറാണി സ്ഥാനത്തുനിന്നു മാറ്റി, വിഗ്രഹം വെട്ടിമുറിച്ച് കഷണങ്ങളാക്കി കിദ്രോൻ തോടിനരികെവച്ച് ചുട്ടുകളഞ്ഞു. ജീവിതകാലം മുഴുവൻ ആസാ ഹൃദയവിശുദ്ധി പാലിച്ചു; കർത്താവിനോട് വിശ്വസ്തത പുലർത്തി. കൂടാതെ അന്യദേവന്മാരുടെ ബലിപീഠങ്ങളും പൂജാഗിരികളും നീക്കി. സ്തംഭങ്ങൾ ഇടിച്ചുതകർത്തു. ആസാരാജാവിന്റെ കാലത്ത് രാജ്യത്ത് സമാധാനം നിലനിന്നിരുന്നു. തങ്ങളുടെ പിതാക്കന്മാരുടെ ദൈവമായ കർത്താവിന്റെ നിയമങ്ങളും പ്രമാണങ്ങളും അനുസരിക്കാൻ യൂദാനിവാസികളോട് അദ്ദേഹം കല്പിച്ചു. രാജ്യത്തെല്ലാം സമാധാനവും സ്വസ്ഥതയും നിലനിന്നിരുന്നതിനാൽ നഗരങ്ങൾ ബലവത്താക്കുകയും പട്ടണങ്ങൾ പുതുക്കിപ്പണിയുകയും ചെയ്തു. കൂടാതെ അവയെ മതിലുകളും ഗോപുരങ്ങളും വാതിലുകളും ഓടാമ്പലുകളുംകൊണ്ട് സുരക്ഷിതമാക്കി. മാത്ര

മല്ല ആസായ്ക്ക് യൂദായിൽനിന്ന് മൂന്നുലക്ഷം പടയാളികളും ബഞ്ചമിൻഗോത്രത്തിൽനിന്ന് രണ്ടുലക്ഷത്തിയെൺപതിനായിരം ധീരയോദ്ധാക്കളും ഉണ്ടായിരുന്നു.

തന്റെ മുൻഗാമികളിൽ ചിലരുടെ നടപടികളിൽനിന്നും ശീലങ്ങളിലും ചിന്താഗതികളിൽനിന്നും വേറിട്ടുചരിച്ചവനാണ് ആസാരാജാവ്. തന്റെ പിതാവിന്റെയും പിതാമഹിയുടെയും ആരാധനാവിധികൾ നല്ലതല്ലാത്തതിനാൽ അതിനെ ദൂരെയകറ്റുവാൻ മടികാണിക്കാത്ത ധീരനാണ് അദ്ദേഹം. അതിനാലത്രേ ദേശത്ത് സ്വസ്ഥത കളിയാടിയത്.

താമസിയാതെ എത്യോപ്യനായ സേരാ, പത്തുലക്ഷം പടയാളികളും മുന്നൂറു രഥങ്ങളുമായി യൂദായ്ക്കെതിരെ യുദ്ധത്തിനെത്തി. മാരോഷായിലെ സെഫാതാതാഴ്‌വരയിൽ ഇരുകൂട്ടരും എത്തിയപ്പോൾ ആസാ തന്റെ ദൈവമായ കർത്താവിനോട് നിലവിളിച്ചപേക്ഷിച്ചു. “കർത്താവേ, ബലവാനെതിരെ ബലഹീനനെ സഹായിക്കാൻ അവിടുന്നല്ലാതെ മറ്റാരുമില്ല. ഞങ്ങളുടെ ദൈവമായ കർത്താവേ ഞങ്ങൾ അങ്ങയെ ശരണം പ്രാപിക്കുന്നു. ഞങ്ങളെ സഹായിക്കണമേ! അവിടുത്തെ നാമത്തിലാണ് ഞങ്ങൾ ഈ വലിയ സൈന്യത്തിനെതിരേ വന്നിരിക്കുന്നത്. കർത്താവേ അവിടുന്നാണ് ഞങ്ങളുടെ ദൈവം. അങ്ങേക്കെതിരെ മർത്യൻ പ്രബലനാകരുതേ!” (2 ദിന 14,11). ആസായുടെയും യൂദായുടെയുംമുന്നിൽ കർത്താവ് എത്യോപ്യരെ പരാജയപ്പെടുത്തി. അവരെ പിന്തുടർന്നു പിടിച്ച് ഒന്നൊഴിയാതെ നിശ്ശേഷം കൊന്നൊടുക്കുകയും കൊള്ള നടത്തുകയും ചെയ്തു. അവിടുത്തെ നിവാസികൾ യൂദാസൈന്യത്തെ കണ്ട് പരിഭ്രാന്തരായി. യൂദായുടെ മുമ്പിൽ എത്യോപ്യർ ദയനീയമായി പരാജയപ്പെട്ടു.

അങ്ങനെയിരിക്കെ ഒദേദിന്റെ മകൻ അസറിയാ ദൈവാത്മാവിനാൽ നിറഞ്ഞ് ഇങ്ങനെ പറഞ്ഞു: “ആസാരാജാവേ, യൂദാ-ബഞ്ചമിൻ നിവാസികളേ കേൾക്കുവിൻ, നിങ്ങൾ കർത്താവിനോടു ചേർന്നിരിക്കുന്നിടത്തോളംകാലം അവിടുന്നു നിങ്ങളോടു കൂടെയുണ്ടായിരിക്കും. നിങ്ങൾ അവിടുത്തെ അന്വേഷിച്ചാൽ കണ്ടെത്തും. നിങ്ങൾ അവിടുത്തെ പരിത്യജിച്ചാൽ അവിടുന്നു നിങ്ങളെയും പരിത്യജിക്കും. സത്യദൈവമോ, പഠിപ്പിക്കാൻ പുരോഹിതന്മാരോ നിയമമോ ഇല്ലാതെ ഇസ്രായേൽ ദീർഘകാലം കഴിച്ചു. എന്നാൽ കഷ്ടതകൾ നേരിട്ടപ്പോൾ അവർ ഇസ്രായേലിന്റെ ദൈവമായ കർത്താവിങ്കലേക്ക് തിരിഞ്ഞു. അവർ അവിടുത്തെ അന്വേഷിച്ചു. കണ്ടെത്തി. അന്നു സകല ദേശങ്ങളിലും അക്രമങ്ങളും കലാപങ്ങളും നടമാടിയിരുന്നതിനാൽ ആരും സുരക്ഷിതരായിരുന്നില്ല. ദൈവം സകലവിധ ദുരിതങ്ങളും അവരുടെമേൽ വരുത്തിയതിനാൽ ജനത ജനതയ്ക്കെതിരായും നഗരം നഗരത്തിനെതിരായും യുദ്ധംചെയ്തു ഛിന്നഭിന്നമായി. നിങ്ങൾ ധീരന്മാരായിരിക്കുവിൻ. നിങ്ങളുടെ കൈകൾ തളരാതിരിക്കട്ടെ. നിങ്ങളുടെ പ്രവൃത്തികൾക്ക് പ്രതിഫലം ലഭിക്കും” (2 ദിന 15,2-7). അസറിയായുടെ പ്രവചനം ആസായ്ക്ക് ധൈര്യം നൽകി. എഫ്രായിം മലമ്പ്രദേശത്തും പിടിച്ചടക്കിയ നഗരങ്ങളിലുംനിന്ന് മ്ലേച്ഛവിഗ്രഹങ്ങൾ അവൻ നീക്കിക്കളഞ്ഞു. ദൈവാലയപൂമുഖത്തിന്റെ മുമ്പിലുണ്ടായിരുന്ന കർത്താവിന്റെ ബലിപീഠം പുനരുദ്ധരിച്ചു. കർത്താവ് ആസായോടുകൂടെയുണ്ടെന്ന് മനസ്സിലായപ്പോൾ എഫ്രായിം, മനാസ്സെ, ശിമയോൻ എന്നീ ഗോത്രങ്ങളിൽനിന്നും അനേകർ അവനോടുചേർന്ന് രാജ്യത്ത് താമസമുറപ്പിച്ചു. തന്നോടു ചേർന്നവരെയെല്ലാം ആസാ ജറുസലേമിൽ വിളിച്ചുകൂട്ടി. തങ്ങൾ കൊണ്ടുവന്ന കൊള്ളമുതലിൽനിന്ന് എഴുന്നൂറ് കാളകളെയും ഏഴായിരം ആടുകളെയും അന്ന് അവർ കർത്താവിന് ബലിയർപ്പിച്ചു. പൂർണ്ണഹൃദയത്തോടും പൂർണ്ണമനസ്സോടുംകൂടി അവർ കർത്താവിനെ അന്വേഷിച്ചു. അവിടുന്ന് അവർക്ക് ദർശനമരുളി. എങ്ങും സ്വസ്ഥത നല്കുകയും ചെയ്തു.

ആസാരാജാവിന്റെ മുപ്പത്തഞ്ചാം ഭരണവർഷംവരെ യുദ്ധമൊന്നും ഉണ്ടായില്ല. എന്നാൽ മുപ്പത്താറാം ഭരണവർഷം ഇസ്രായേൽ രാജാവായ ബാഷാ യൂദാക്കെതിരെ പുറപ്പെടുകയും

തങ്ങളുമായി ബന്ധമുണ്ടാകാതിരിക്കാൻ റാമാ നിർമ്മിച്ചുതുടങ്ങുകയും ചെയ്തു. ആസാരാജാവാകട്ടെ, സിറിയാരാജാവായ ബൻഹദാദിന് ദേവാലയത്തിലെയും കൊട്ടാരത്തിലെയും ഭണ്ഡാരത്തിൽനിന്ന് സ്വർണവും വെള്ളിയും കൊടുത്തുവിടുകയും ഇസ്രായേൽരാജാവായ ബാഷായുമായുള്ള സഖ്യം വിഛേദിക്കാൻ അപേക്ഷിക്കുകയും ചെയ്തു. ആസാരാജാവിന്റെ അഭ്യർത്ഥന മാനിച്ച് ബൻഹദാദ് സേനാനായകരെ ഇസ്രായേല്യർക്കെതിരെ അയച്ചു. ഇസ്രായേൽക്കാരുടെ ഈയോൻ, ദാൻ, കിന്നറോത്ത്, ആബെൽ ബത്മാക്കാ, നാഫ്താലിയിലെ ചില സംഭരണസ്ഥലങ്ങൾ തുടങ്ങിയവ അവർ പിടിച്ചെടുത്തു. ഇതറിഞ്ഞ ബാഷാരാജാവ് റാമായുടെ പണിനിർത്തിവച്ചു. എന്നാൽ റാമാ പണിയുവാൻ അവർ ശേഖരിച്ച കല്ലും തടിയുമുപയോഗിച്ച് ആസാരാജാവും യൂദാനിവാസികളും ഗേബയും മിസ്പായും പണിതു.

ഇതേതുടർന്ന് ഹനാനീ ദീർഘദർശി യൂദാരാജാവായ ആസായുടെ അടുത്തെത്തി പറഞ്ഞു: "നിന്റെ ദൈവമായ കർത്താവിൽ ആശ്രയിക്കാതെ സിറിയാരാജാവിനെ അഭയം തേടിയതിനാൽ സിറിയാരാജാവിന്റെ സൈന്യം നിന്റെ കയ്യിൽനിന്ന് രക്ഷപ്പെട്ടു. അസംഖ്യം രഥങ്ങളും കുതിരപ്പടയാളികളുമടങ്ങിയ ഒരു വലിയ സൈന്യമല്ലേ എത്യോപ്യർക്കും ലിബിയർക്കും ഉണ്ടായിരുന്നത്? എന്നിട്ടും നീ കർത്താവിൽ ആശ്രയിച്ചതിനാൽ അവിടുന്ന് അവരെ നിന്റെ കയ്യിൽ ഏല്പിച്ചുതന്നു. തന്റെ മുമ്പിൽ നിഷ്കളങ്കരായി വർത്തിക്കുന്നവർക്കുവേണ്ടി ശക്തിപ്രകടിപ്പിക്കാൻ കർത്താവിന്റെ ദൃഷ്ടികൾ ഭൂമിയിലുടനീളം പായുന്നു. എന്നാൽ നീ ചെയ്തത് ഭോഷത്തമാണ്. ഇനി യുദ്ധം നിന്നെ വിട്ടുമാറുകയില്ല" (2 ദിന 16,7-9). ആസാ കോപിച്ച്, ദീർഘദർശിയെ ചങ്ങലയിൽ ബന്ധിച്ചു കാരാഗൃഹത്തിലടച്ചു. കാരണം ഈ വാക്കുകൾ അവനെ പ്രകോപിപ്പിച്ചു. അന്ന് ആസാ ജനത്തിലെ ചിലരെ ക്രൂരമായി പീഡിപ്പിച്ചു. തിന്മ ചെയ്തത് ചൂണ്ടിക്കാട്ടുകയും അത് തിരുത്തപ്പെടേണ്ടതാണെന്ന് താക്കീതുനല്കുകയും ചെയ്ത പ്രവാചകനെയാണ് ആസാരാജാവ് കാരഗൃഹത്തിടച്ചത്. മാത്രമല്ല പ്രകോപന ഭാവവും ക്രൂരതയുടെ നിലപാടും വരെ ആസായുടെ സ്വഭാവം മാറുന്നു.

നമ്മുടെയെല്ലാം കൊച്ചു ചുറ്റുവട്ടങ്ങളിൽ വീഴുന്ന പൊടിയും പൊട്ടും നമ്മുടെ ജീവിതത്തിൽ വിള്ളലുകൾ സൃഷ്ടിക്കാതിരിക്കാൻ, താക്കീതു ലഭിക്കുമ്പോഴുള്ള മനോഭാവവും ഒട്ടുംതന്നെ മെച്ചമല്ല. നല്ലവനായി അറിയപ്പെടുകയും അനേകരെ ആകർഷിക്കുകയും ചെയ്ത ആസാരാജാവ് സാഡിസത്തിലേക്ക് വഴുതിവീഴുന്നു. അവന്റെ മുപ്പത്തിയൊൻപതാം ഭരണവർഷം ആസായുടെ കാലിൽ രോഗബാധയുണ്ടായി. അത് മൂർച്ഛിച്ചിട്ടും അവൻ കർത്താവിൽ ആശ്രയിക്കാതെ വൈദ്യന്മാരുടെ പക്കലേക്ക് പോയി. നാൽപ്പത്തൊന്നാം ഭരണവർഷം വൃദ്ധനായ ആസാ പിതാക്കന്മാരോട് ചേർന്നു. ദാവീദിന്റെ നഗരത്തിൽ തനിക്കായി തയ്യാറാക്കിയ കല്ലറയിൽ അവൻ സംസ്കരിക്കപ്പെട്ടു. ജനം അവനെ ആദരിക്കുന്നതിനായി വിവിധയിനം പരിമളദ്രവ്യങ്ങൾ കൊണ്ടു നിറച്ച മഞ്ചത്തിൽ കിടത്തുകയും വലിയൊരു തീക്കൂന കൂട്ടി ബഹുമാനിക്കുകയും ചെയ്തു.

**ആസാരാജാവിന്റെ ഓർമ്മപ്പെടുത്തലുകൾ**

* *നീതിയും നന്മയും പ്രവർത്തിക്കുക, സ്വസ്ഥത ലഭിക്കും.*
* *ദൈവത്തോടു വിശ്വസ്തത പുലർത്തുക*
* *ദൈവം കുടികൊള്ളേണ്ടിടത്തുനിന്ന് അന്യദൈവവിഗ്രഹങ്ങൾ എടുത്തുമാറ്റുക*
* *നന്മയുടെ താക്കീതുകൾ തള്ളിക്കളയരുത്.*
* *പ്രകോപിത മനസ്സ് ക്രൂരത ജനിപ്പിക്കുന്നു.*



# പാരിസ്ഥിതിക പ്രതിസന്ധിയുടെ മാനുഷികവേരുകൾ


റവ. ഡോ. തോമസ് വടക്കേൽ
പാലാ രൂപത



**'ലൗ**ദാത്തോ സി' യുടെ മൂന്നാമത്തെ അദ്ധ്യായത്തിൽ പാരിസ്ഥിതിക പ്രതിസന്ധിയുടെ ഉത്ഭവത്തെക്കുറിച്ചാണ് പാപ്പാ സംസാരിക്കുന്നത്. സാങ്കേതിക വിദ്യയുടെ (technology) വളർച്ച യെക്കുറിച്ചും സാങ്കേതികവിദ്യാമേധാവിത്വപരമായ മനോഭാവത്തെക്കുറിച്ചും വഴിതെറ്റിയ ഒരു നരംവംശകേന്ദ്രീകൃത സിദ്ധാന്തത്തെക്കുറിച്ചും പ്രായോഗിക ആപേക്ഷികതാവാദത്തെക്കുറിച്ചും തൊഴിൽ സംരക്ഷിക്കേണ്ടതിന്റെ ആവശ്യത്തെക്കുറിച്ചും ജീവശാസ്ത്രപരമായ പുതിയ സാങ്കേ തികവിദ്യകളെക്കുറിച്ചും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

**സാങ്കേതികവിദ്യ: സർഗ്ഗാത്മകതയും ശക്തിയും**

മനുഷ്യന്റെ സാങ്കേതിക സാമർത്ഥ്യം അവനെ ഒരു പുതിയ യുഗത്തിലേക്ക് പ്രവേശിപ്പിച്ചി രിക്കുകയാണ്. എല്ലായിടത്തും ഒരു മാറ്റം സംഭവിച്ചിരിക്കുന്നു. ഈ മുന്നേറ്റങ്ങളിൽ അതിന്റെ പ്രധാന ഗുണഭോക്താക്കൾ വളരെ ആഹ്ലാദിക്കുകയും ആവേശം കൊള്ളുകയും ചെയ്യുന്നുണ്ട്. "ശാസ്ത്രവും സാങ്കേതികവിദ്യയും ദൈവം നൽകിയ മാനുഷിക സർഗ്ഗാത്മകതയുടെ വിസ്മ യകരമായ ഉത്പന്നങ്ങളാണ്". സാങ്കേതികവിദ്യ ഉപയോഗപ്രദമായ ലക്ഷ്യങ്ങൾക്കുവേണ്ടി പ്രയോ ജനപ്പെടുത്തുന്നുണ്ട്. മനുഷ്യവ്യക്തികൾക്ക് ദോഷംവരുത്തുന്ന, അവരെ പരിമിതപ്പെടുത്തുന്ന അസംഖ്യം പ്രതിസന്ധികൾക്ക് സാങ്കേതികവിദ്യ പരിഹാരമായിട്ടുണ്ട്. മനുഷ്യജീവിതത്തിന്റെ

ഗുണമേന്മ വർദ്ധിപ്പിക്കുവാനുള്ള സുപ്രധാനമാർഗ്ഗങ്ങൾ നിർമ്മിക്കുവാൻ സാങ്കേതികശാസ്ത്രത്തിന് സാധിക്കുന്നുണ്ട്.

എന്നാൽ ആണവോർജ്ജം, ജൈവസാങ്കേതിക വിദ്യ, വിവരസാങ്കേതികവിദ്യ, ഡി.എൻ.എ അനുബന്ധ അറിവ് തുടങ്ങിയവ വിവേകപൂർണ്ണമായി ഉപയോഗിക്കേണ്ടതുണ്ട്. വലിയ സാമ്പത്തിക സ്രോതസ്സുള്ളവരും സമസ്ത മനുഷ്യരാശിയുടെയുംമേൽ ആധിപത്യം പുലർത്തുന്നവരുമായ ചിലർ, ആർജ്ജിച്ച കഴിവുകളെയും ശക്തികളെയും ദുരുപയോഗിക്കുന്നത് അത്യന്തം അപകടകരമാണ്. ശക്തി നന്നായി ഉപയോഗിക്കാൻ സമകാലിക മനുഷ്യന് പരിശീലനം ലഭിച്ചിട്ടില്ല. പരിമിതികളെക്കുറിച്ച് അവർക്ക് വേണ്ടത്ര അവബോധമില്ല. പരിധി കല്പിക്കാനും തെളിഞ്ഞ മനസ്സോടെയുള്ള സ്വയംശിക്ഷണം പഠിപ്പിക്കുവാനും കഴിവുള്ള ഭദ്രമായ ഒരു സാന്മാർഗികതയും സംസ്കാരവും ആധ്യാത്മികതയും മനുഷ്യരാശിക്ക് അത്യന്താപേക്ഷിതമാണ്.




**അങ്ങേയ്ക്ക് സ്തുതി - 8**

**സാങ്കേതികവിദ്യാമേധാവിത്വചിന്താമാതൃകയുടെ ആഗോളവത്ക്കരണം**

മനുഷ്യൻ പ്രകൃതിയോട് ഭാവാത്മകമായി നിരന്തരം ഇടപെട്ടിട്ടുണ്ട്. പ്രകൃതിയുടെ താളത്തെ മനസ്സിലാക്കിയും അവയെ ആദരിച്ചുമായിരുന്നു മനുഷ്യൻ പ്രകൃതിയോട് ഇടപെട്ടിരുന്നത്. എന്നാൽ ഈ സമീപകാലഘട്ടത്തിൽ അതിനു വിപരീതമായി പ്രകൃതിവസ്തുക്കളുടെമേൽ അന്യായമായി, ആദരവില്ലാതെ മനുഷ്യൻ കൈവച്ചു. മനുഷ്യവ്യക്തികളും ഭൗതികവസ്തുക്കളും അന്യോന്യം സൗഹൃദഹസ്തം നീട്ടിയിരുന്നിടത്ത് അപ്പോൾ ഏറ്റുമുട്ടലിന്റേതായ ഒരു സാഹചര്യം സംജാതമായിരിക്കുന്നു. എല്ലാ പരിധിക്കുമപ്പുറം ഈ ഗ്രഹത്തെ പിഴിഞ്ഞ് ഉണക്കുന്നതിലേക്ക് ചില സാങ്കേതികവിദ്യകൾ വളർന്നിരിക്കുന്നു. പ്രകൃതിയുടെ ക്രമത്തെ മനുഷ്യൻ ചൂഷണം ചെയ്യുന്നുണ്ട്.

സാങ്കേതികവിദ്യയ്ക്ക് മേൽക്കോയ്മയുള്ള ഒരു മാതൃക സാമ്പത്തികവും സാമൂഹികവുമായ ജീവിതത്തിലും ആധിപത്യം പുലർത്താൻ പ്രവണത കാണിക്കും. സാങ്കേതികവിദ്യ മനുഷ്യനിൽ ചെലുത്തുന്ന നിഷേധാത്മക സ്വാധീനത്തെക്കുറിച്ച് ആരും ആശങ്കപ്പെടുന്നില്ല. പാരിസ്ഥിതിക അധഃപതനത്തിന്റെ പാഠങ്ങൾ നാം പഠിക്കണം. പുതിയ സാമ്പത്തിക സിദ്ധാന്തങ്ങൾക്ക് വിശപ്പും ദാരിദ്രവും സംബന്ധിച്ച കാര്യങ്ങളെക്കുറിച്ച് കുറഞ്ഞ താത്പര്യമേയുള്ളൂ. അടിസ്ഥാന വിഭവങ്ങളിലേക്ക് ദരിദ്രർക്ക് പ്രവേശനം നൽകാൻ കഴിയുന്ന സാമൂഹിക ഉദ്യമങ്ങൾ നാം വികസിപ്പിക്കണം. പരിസ്ഥിതിയെയും ദരിദ്രരെയും സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കാൻ പര്യാപ്തമായ മാർഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

സാങ്കേതികവിദ്യയെ പരിമിതപ്പെടുത്താനും തിരിച്ചുവിടാനും ആവശ്യമായ സ്വാതന്ത്ര്യം നമുക്കുണ്ട്. കൂടുതൽ ആരോഗ്യകരമായ, കൂടുതൽ മാനുഷികമായ, സാമൂഹികമായ, സമഗ്രമായ മറ്റൊരുതരം പുരോഗതിയുടെ സേവനത്തിൽ നാം അവയെ ഉപയോഗപ്പെടുത്തണം. സാങ്കേതികവിദ്യ ആധിപത്യം പുലർത്തുന്ന ഒരു മാതൃകയിൽനിന്ന് ചിലപ്പോൾ മോചനം നേടേണ്ടതായിട്ടുണ്ട്.

## ആധുനിക നരവംശ കേന്ദ്രീകൃതവാദത്തിന്റെ പ്രതിസന്ധിയും ഫലങ്ങളും

പ്രയോജനകരമായ ആകൃതി നൽകാവുന്ന ഒരു അസംസ്കൃതവസ്തുവായിട്ടാണ് സാങ്കേതികവിദ്യയുള്ള മനസ്സ് പ്രകൃതിയെ കാണുന്നത്. തികഞ്ഞ ഉദാസീനതയോടെ പ്രകൃതിയിലേക്ക് വസ്തുക്കൾ വലിച്ചെറിയുന്നു. "ഭൂമി മനുഷ്യന് നൽകപ്പെട്ടിരിക്കുന്നത് അതിന്റെ മൗലികമായ സദുദ്ദേശ്യത്തോടെയുള്ള ആദരവോടുകൂടി അവൻ അതിനെ ഉപയോഗിക്കേണ്ടതിനാണ്". ഭൂമിയുടെ സ്വാഭാവികവും ധാർമ്മികവുമായ ഘടനയെ മനുഷ്യൻ ബഹുമാനിക്കേണ്ടതുണ്ട്. പ്രപഞ്ചത്തിന്മേലുള്ള മനുഷ്യന്റെ ആധിപത്യം ഉത്തരവാദിത്തബോധമുള്ള കാര്യസ്ഥതയുടെ അർത്ഥതലത്തിൽ വേണം നിർവ്വഹിക്കുവാൻ.

## പ്രായോഗിക ആപേക്ഷികതാവാദം

ഇന്നിന്റെ ലോകത്തിലെ വഴിതെറ്റിയ ഒരു നരവംശകേന്ദ്രീകൃത സിദ്ധാന്തം വഴിതെറ്റിയ ഒരു ജീവിതശൈലിയിലേക്ക് നയിക്കുന്നുണ്ട്. പ്രായോഗിക ആപേക്ഷികതാവാദം അപകടമായ ഒന്നാണ്. മനുഷ്യവ്യക്തികൾ തങ്ങളെത്തന്നെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു; ഉടനെയുള്ള സൗകര്യത്തിന് അമിതമായ മുൻഗണന നൽകുന്നു, സ്വന്തം താത്പര്യങ്ങൾക്ക് സഹായകമാകാത്ത പക്ഷം ബാക്കിയെല്ലാം അപ്രസക്തമാണെന്ന് കരുതുന്നു. തനിക്ക് ഉപയുക്തമല്ലാത്ത വ്യക്തികളെ കേവലം വസ്തുക്കളായി മാത്രം കരുതുന്ന ഒരു സംസ്കാരം വളരുന്നു. ഇത് ഒരു പ്രായോഗിക ആപേക്ഷികതാവാദത്തിന്റെ സംസ്കാരമാണ്.

## തൊഴിൽ സംരക്ഷിക്കേണ്ടതിന്റെ ആവശ്യം

ദൈവം താൻ സൃഷ്ടിച്ച തോട്ടം (ഉല്പ 2,15) സംരക്ഷിക്കുവാനും ഫലസമൃദ്ധമാക്കുവാനും മനുഷ്യരെ അവിടെയാക്കി. സൃഷ്ടലോകത്തെ വിവേകപൂർണമായി വികസിപ്പിക്കുകയാണ് അതിനെ പരിചരിക്കാനുള്ള ഏറ്റവും നല്ല മാർഗം. തൊഴിലിനെ സംബന്ധിച്ച് നമുക്ക് ശരിയായ ഒരു ധാരണ ആവശ്യമാണ്. ജോലിക്കുള്ള ഒരു വിളിയോടുകൂടിയാണ് നാം സൃഷ്ടിക്കപ്പെട്ടത്. മനുഷ്യന്റെ പ്രവർത്തനത്തിന് പകരമാകണം എന്നതായിരിക്കരുത് സാങ്കേതികവിദ്യയുടെ വർദ്ധിച്ച പുരോഗതിയുടെ ലക്ഷ്യം. അത് മനുഷ്യവർഗത്തിന് ഹാനികരമാണ്. ജോലി ഒരാവശ്യമാണ്. മനുഷ്യന്റെ വളർച്ചയിലേക്കും മാനുഷികവികാസത്തിലേക്കും വ്യക്തിപരമായ സംതൃപ്തിയിലേക്കുമുള്ള പാതയാണത്. ജോലി ചെയ്യുന്നതിലൂടെ മാഹാത്മ്യമുള്ള ഒരു ജീവിതം ഏവരും നയിക്കണം. തൊഴിൽ ചെയ്യുന്നതിലൂടെ പൊതുനന്മ രൂപപ്പെടണം.

> ***"ഒരു വ്യക്തി എത്ര കൂടുതലായി നന്മയെ അറിയുകയും അത് അഭ്യസിക്കുകയും ചെയ്യുന്നുവോ അത്ര കൂടുതലായി അയാൾ പാപത്തിന്റെ അടിമത്തത്തിൽനിന്ന് അകന്നുപോകും (റോമാ 6,17; 1 കോറി 7,22). അങ്ങനെ സ്വതന്ത്രരായിരിക്കുന്ന മനുഷ്യർ തങ്ങളുടെതന്നെയും തങ്ങളുടെ പരിസ്ഥിതിയുടെയും ലോകം മുഴുവന്റെയും ഉത്തരവാദിത്വം ഏറ്റെടുക്കണമെന്ന് - അതിനു കഴിവുള്ളവരായിരിക്കണമെന്ന് - ദൈവം ആഗ്രഹിക്കുന്നു".*** (YOUCAT 288)

# സെനക്കിൾ തരംഗം

## സന്ദേശം

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ, ആരാധനക്രമത്തിലെ വലിയനോമ്പുകാലത്തേക്കു നാം പ്രവേശിച്ചിരിക്കുകയാണല്ലോ. ദൈവപുത്രനായ മിശിഹായുടെ ഉപവാസവും പ്രലോഭനരംഗവും അവതരിപ്പിച്ചുകൊണ്ടാണ് നോമ്പുകാലം ആരംഭിക്കുന്നത്. ഈശോയുടെ പ്രലോഭനങ്ങളെല്ലാം അവിടുത്തെ ദൈവപുത്രത്വത്തിനുള്ള വെല്ലുവിളികളായിരുന്നു. മാമോദീസായിലൂടെ ദൈവമക്കളായിത്തീർന്ന നമുക്കും, നമ്മുടെ ദൈവപുത്രത്വത്തിന് വെല്ലുവിളികൾ ഉണർത്തുന്ന പ്രലോഭനങ്ങൾ ഉണ്ടാകും. അരൂപിയാൽ നയിക്കപ്പെട്ട് ഈശോ പ്രലോഭനങ്ങളെയെല്ലാം അതിജീവിച്ച് തന്റെ രക്ഷാകരദൗത്യം പൂർത്തിയാക്കി. അതുപോലെ ദൈവമക്കളായ നമുക്കും ദൈവാരൂപിയാൽ നയിക്കപ്പെട്ട് പ്രലോഭനങ്ങളെയെല്ലാം അതിജീവിച്ച് നമ്മുടെയും നമ്മുടെ ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന അജഗണങ്ങളുടെയും രക്ഷ ഉറപ്പാക്കേണ്ടതുണ്ട്. ഈശോയെ അനുകരിച്ച് ഉപവാസത്തിലൂടെയും പ്രാർത്ഥനയിലൂടെയും പ്രലോഭനങ്ങളെയെല്ലാം അതിജീവിച്ച് അജപാലനശുശ്രൂഷ നിർവഹിക്കുവാൻ നമുക്കും, ക്രിസ്തീയജീവിതം നയിക്കുവാൻ അജഗണങ്ങൾക്കും സാധിക്കട്ടെ.

പ്രാർത്ഥനാശംസകളോടെ,

മല്പാൻ മാത്യുവെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ

## സെനക്കിൾ വാർത്തകൾ

2024 ഫെബ്രുവരി 13-ാം തീയതി പാലാ രൂപതയിൽപെട്ട ബഹു. സെബാസ്റ്റ്യൻ കുറ്റിയാനിക്കലച്ചൻ ഇടവകവൈദികർക്കായുള്ള അപ്പസ്തോലിക് സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ട് അംഗമായി പ്രതിജ്ഞ ചെയ്തു. അപ്പസ്തോലിക് സൊദാലെസ് വൈദികരുടെ നേതൃത്വത്തിലും അപ്പസ്തോലിക് ഒബ്ലേറ്റ്സിന്റെ സാന്നിദ്ധ്യത്തിലും മാങ്ങാനം സ്പിരിച്ചാലിറ്റി സെന്ററിൽവച്ച് മല്പാൻ മാത്യു വെള്ളാനിക്കലച്ചന്റെ പ്രധാന കാർമ്മികത്വത്തിൽ അർപ്പിക്കപ്പെട്ട പരിശുദ്ധ കുർബാനമദ്ധ്യേയാണ് പ്രതിജ്ഞാകർമ്മം നടന്നത്.

സ്ഥാപകപിതാവ് ദൈവദാസൻ വില്യം ജക്വീന്താപിതാവിന്റെ 30-ാം ചരമവാർഷികത്തോടനുബന്ധിച്ച് സൊദാലെസ് വൈദികരുടെ 'സെനക്കിൾ അനുഭവം' ഉൾക്കൊള്ളുന്ന ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുവാൻ ഉദ്ദേശിക്കുന്നു. അതിനായി ഇന്ത്യയിലെ സൊദാലെസ് വൈദികർ അവരുടെ സെനക്കിൾ ആദ്ധ്യാത്മികാനുഭവം പങ്കുവയ്ക്കണമെന്ന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ മേജർ ഫാദർ ആവശ്യപ്പെട്ടിട്ടുണ്ട്.



# ത്യാഗവഴികളിലൂടെ

**ജെസ്മി പാണ്ടിക്കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**തി**രക്കേറിയ ഗ്രാമവീഥിയിലൂടെ തന്റെ രണ്ടു കൈകളിലും വീട്ടിലേക്കുള്ള സാധനസാമഗ്രികളുമായി ഒരു സ്ത്രീ വലിഞ്ഞുനടക്കുകയാണ്. കയറ്റം കയറുമ്പോൾ അവൾ നന്നായി കിതയ്ക്കുന്നുമുണ്ട്. കുറച്ചുദൂരം നടന്നശേഷം അല്പസമയം വിശ്രമിച്ച അവർ ക്ഷീണമൊന്നും വകവയ്ക്കാതെ തന്റെ യാത്ര തുടർന്നു. കൂലിയായി കയ്യിൽ കിട്ടിയ മുന്നൂറ്റിയമ്പതു രൂപാ അവർ ഒരിക്കൽ കൂടി എണ്ണി നോക്കി.... ഇതിൽ നിന്നും മകളുടെ വിവാഹത്തിനായി കുറച്ചു തുക മാറ്റി വച്ചതിനുശേഷം ബാക്കി തുകയിൽ നിന്നും വേണം വീട്ടാവശ്യങ്ങൾ നടത്തുവാൻ.... മരുന്നിന്റെ ചെലവുകൾ വേറെയും.... അവരുടെ നെടുവീർപ്പുകൾ ആകാശത്തോളം ഉയർന്നു.

വീട്ടിലെത്തി നടുവൊന്നു നിവർക്കുവാൻ അല്പസമയം കിടന്ന അവർ ഉറക്കത്തിലേക്കു വഴുതി വീണു. പക്ഷേ, അടുക്കള ജോലിയിൽ വ്യാപൃതയായിരുന്ന അവരുടെ മകൾക്കതു സഹിച്ചില്ല. അവൾ വായിൽ വന്നതൊക്കെ അമ്മയെ പറഞ്ഞുകൊണ്ടിരുന്നു. പല ദിവസങ്ങളും ഇതാവർത്തിച്ചു.... പതിയെ അതും അവരുടെ ദിനചര്യയുടെ ഭാഗമായി!

ദിവസങ്ങളും മാസങ്ങളും കടന്നുപോയി. ഒരു ദിവസം പെട്ടെന്ന് ആ സ്ത്രീ തലകറങ്ങി വീണു. ആശുപത്രിയിൽ ചെന്നപ്പോൾ, ഹൃദയവാൽവിന്റെ തകരാറുകൾ വർദ്ധിച്ചിരിക്കുന്നു എന്നും അടിയന്തിരമായി ഓപ്പറേഷൻ വേണമെന്നും ഡോക്ടർ പറഞ്ഞപ്പോൾ ആ മകൾക്കതൊന്നും മനസ്സിലായില്ല. തന്റെ വിവാഹത്തിനായി പണം സമ്പാദിക്കുന്ന തിരക്കിൽ അമ്മ സ്വന്തം കാര്യം മനഃപൂർവ്വം മറന്നുപോയതും രോഗത്തെ അവഗണിച്ചതുമൊക്കെ ഡോക്ടറിൽ നിന്നാണ് അവൾ അറിഞ്ഞത്. തന്റെ അമ്മയുടെ ത്യാഗവും സഹനവുമോർത്തപ്പോൾ അവളുടെ കണ്ണിൽനിന്നും ജലകണികകൾ ധാരധാരയായി ഒഴുകി.

പണ്ടെങ്ങോ കണ്ടുമറന്ന ഒരു സിനിമയുടെ ചെറിയൊരു ഭാഗമാണിത്... സ്വയം ശൂന്യമാക്കലിന്റെ ഉത്തമ ഉദാഹരണം! ദൈവദാസനായ വില്യം ജക്വീന്താ പറയുന്നു: "ക്രൂശിതനായ ഈശോയെപ്പറ്റി പറയുക എളുപ്പമാണ്; പക്ഷേ ക്രൂശിതന്റെ സ്ഥാനത്തു നമ്മെ വയ്ക്കുക പ്രയാസമേറിയതാണ്".

നോമ്പുകാലം ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും പങ്കുവയ്ക്കലിന്റെയും കാലം. ത്യാഗങ്ങൾ നോവായി മാറുമ്പോഴാണ് നോമ്പിനു പൂർണ്ണത കൈവരിക. ത്യാഗങ്ങൾ നമുക്കു സഹ

നങ്ങൾ ഏറ്റെടുക്കുവാനുള്ള ശക്തി നൽകുന്നു. ഒരു അമ്മ ഏറ്റെടുക്കുന്ന ത്യാഗം സ്വഭവനത്തിനായി കാഴ്ചവയ്ക്കുമ്പോൾ ആ സഹനം ഈശോയുടെ കുരിശോടു ചേർക്കുകയാണ് അവർ ചെയ്യുന്നത്. സഹനം നമ്മുടെ ജീവിതത്തെ രക്ഷാകരമാക്കി തീർക്കുന്നു. ദിവ്യനാഥന്റെ കുരിശിലെ ബലിയോടു ചേർക്കുമ്പോൾ നമ്മുടെ സഹനങ്ങൾ വെറും നിസ്സാരമാണ്. “പീഡിതരെ അവരുടെ പീഡകൾ കൊണ്ടുതന്നെ അവിടുന്നു രക്ഷിക്കുകയും ദുരിതംകൊണ്ട് അവരുടെ ചെവി തുറക്കുകയും ചെയ്തിരിക്കുന്നു” (ജോബ് 36,15).

ഇന്ന് നാം നമ്മുടെ കുടുംബങ്ങൾക്കു വേണ്ടി, മക്കൾക്കു വേണ്ടി, ജീവിതപങ്കാളിക്കു വേണ്ടി, സഹോദരങ്ങൾക്കു വേണ്ടിയൊക്കെ ഏറ്റെടുക്കുന്ന ത്യാഗങ്ങൾക്കും സഹനങ്ങൾക്കുമൊന്നും വലിയ വില കല്പിക്കപ്പെടാതെ വരുമ്പോഴും മറ്റുള്ളവരാൽ തിരസ്കൃതരായി നാം ചവിട്ടിയരയ്ക്കപ്പെടുന്ന അവസരത്തിലും നിരാശയിലേക്ക് കൂപ്പുകുത്തരുത്. ഇവയെല്ലാം നിത്യസൗഭാഗ്യത്തിനു നമ്മെ അർഹരാക്കുന്ന മാർഗ്ഗങ്ങളാണ് എന്നതു നമുക്കു പ്രത്യാശ പകരട്ടെ.

ഈശോ തന്റെ ശിഷ്യന്മാരോട് ഇപ്രകാരം അരുളിചെയ്തു: “ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ചു തന്റെ കുരിശുമെടുത്ത് എന്നെ അനുഗമിക്കട്ടെ” (മത്താ 16,24). കർത്താവിനെ അനുഗമിക്കുന്ന നാം നമ്മുടെ അനുദിന ജീവിത പ്രയാസങ്ങളെ വഹിച്ചുകൊണ്ട് അവിടുത്തെ അനുകരിക്കുന്നവരാകണം. പീഡനങ്ങളും ദുരിതങ്ങളും എന്തുതന്നെ വന്നാലും അവയൊന്നും നമ്മെ തളർത്താനുള്ളവയല്ല, കർത്താവിന്റെ നെഞ്ചിന്റെ ചൂടനുഭവിക്കുവാനുള്ള വേളകളാണ് എന്നു നമുക്കു തിരിച്ചറിയാം. അവിടുത്തെ സ്വരം തിരിച്ചറിഞ്ഞ് അവിടുന്നു നൽകുന്ന ത്യാഗവഴികളിലൂടെ നീങ്ങാനുള്ള ശക്തി ഈ നോമ്പുകാലം നമുക്കു പ്രദാനം ചെയ്യട്ടെ.





# ആദ്യസിപ്പ്

**സാബി കോഴിക്കോട്**

**ത**ലക്കെട്ട് കണ്ടപ്പോൾ തന്നെ പലരുടെയും മുഖത്തു പുഞ്ചിരി വിടരുന്നതു ഞാൻ കാണുന്നു. പ്രിയ ചേട്ടന്മാരെ ഞാനതല്ല ഉദ്ദേശിച്ചത്. കഴിഞ്ഞ ദിവസങ്ങളിൽ ഒരിക്കലും മറക്കാനാവാത്ത ചില അനുഭവങ്ങളിലൂടെ ദൈവം എന്നെ കടത്തിവിട്ടു. എന്റെ ഏറ്റവും അടുത്ത സുഹൃത്ത് വാഹനാപകടത്തിൽ പെട്ട് ആശുപത്രിയിലായി. തലയ്ക്കു ക്ഷതമേൽക്കുകയും പല്ലുകൾ പറിഞ്ഞുപോവുകയും താടിയെല്ലുകൾക്കു പൊട്ടലുണ്ടാവുകയും ചെയ്തു. വിവിധ ഓപ്പറേഷനുകൾക്കു ശേഷം ജീവൻ തിരിച്ചു കിട്ടിയ സന്തോഷത്തിൽ ആശുപത്രിയിൽ കഴിയവേ അവനു കൂട്ടിരിക്കാൻ ഒരവസരം വീണു കിട്ടി. ഇടയ്ക്കിടെ വേദന കൂടുമ്പോൾ ബോധത്തോടെയും പാതി മയക്കത്തിലും അവൻ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നു. "ദൈവമേ ഞാൻ ഒന്നുമല്ല. നീയാണെന്റെ ജീവൻ തിരിച്ചു തന്നത്." നീണ്ട ഇരുപത്തഞ്ചു ദിവസങ്ങൾ റൈൽസ് ട്യൂബിലൂടെയായിരുന്നു ഭക്ഷണം പോലും കഴിച്ചിരുന്നത്. ഇരുപത്തഞ്ചു ദിവസങ്ങൾക്കു ശേഷം ഡോക്ടർ പറഞ്ഞു: ഇനിയിത്തിരി വെള്ളം വായിലൂടെ കുടിച്ചു നോക്കൂ. അവന്റെ കണ്ണുകൾ വിടരുന്നതും കവിഞ്ഞൊഴുകുന്നതും ഞാൻ കണ്ടു. എലി പുന്നെല്ലു കാണുന്നതു പോലെ, ഒരു കുട്ടി ആദ്യമായി നടക്കാൻ പഠിച്ചതുപോലെയുള്ള ചാരിതാർത്ഥ്യം അവന്റെ മുഖത്തു തിളങ്ങി നിന്നു. ആദ്യസിപ്പ് വായിലെത്തിയപ്പോൾ അതു നുണഞ്ഞുകൊണ്ട് അവൻ വാവിട്ടു കരഞ്ഞു: "നന്ദി ദൈവമേ! നീ എന്നെ കരുതിയല്ലോ!" അവനോടൊപ്പം ഞാനും കരഞ്ഞു. ഈ മഹാത്ഭുതത്തിന് സാക്ഷ്യം വഹിക്കുവാൻ എന്നെയും അനുവദിച്ചതിന് നന്ദി പറഞ്ഞുകൊണ്ട്.

അന്നുവരെ ഇത്തിരി വെള്ളം കുടിക്കുക അത്ര വലിയ കാര്യമായി ഞാൻ കരുതിയതേയില്ല. ഇതൊക്കെ സ്വാഭാവികമായി സംഭവിക്കുന്നതല്ലേ? ഇതിലെന്ത് ഇത്ര അത്ഭുതം കൂറുവാൻ! ഇതായിരുന്നു ഇന്നലെവരെ എന്റെ ഭാവം.

**'ആദ്യസിപ്പ്'** അതൊരു അനുഭവമാണ്. ഒരിക്കലും വിസ്മരിക്കാനാവാത്ത അനുഭവം. അമ്മയുടെ മുലപ്പാൽ നുകരുന്ന കുഞ്ഞും പുതിയ കിണറിൽ ആദ്യമായി പുറപ്പെടുന്ന ഉറവയും കൃഷിയിടങ്ങളിൽ പാകപ്പെട്ട വിത്തിൽ കിളിർത്തു വരുന്ന പുതുനാമ്പും ആദ്യക്ഷരം കുറിക്കലും ആദ്യമായി പ്രശംസ വാങ്ങിത്തന്ന പാട്ടും ആദ്യ പ്രണയവും ആദ്യകുർബ്ബാനയിൽ നമ്മുടെ ഹൃദയത്തിൽ വാസമുറപ്പിച്ച മിശിഹാ അനുഭവവും ആദ്യശമ്പളം ഏറ്റു വാങ്ങുന്ന ഉദ്യോഗസ്ഥനും എല്ലാമെല്ലാം ആദ്യസിപ്പിന്റെ അനുഭവത്തിലേക്കു നയിച്ചവയാണ്.

പ്രപഞ്ച വിധാതാവായ നല്ല ദൈവം ഒരുക്കുന്ന ആദ്യാനുഭവങ്ങളെ നമുക്കു കണ്ടില്ലെന്നു നടിക്കാമോ? അവിടുന്നു തന്റെ മക്കൾക്കായി ഒരുക്കുന്ന ഓരോ പ്രഭാതവും പുതിയതാണ്. "കർത്താവിന്റെ സ്നേഹം ഒരിക്കലും അസ്തമിക്കുന്നില്ല. അവിടുത്തെ കാരുണ്യം അവസാനി

ക്കുന്നില്ല. ഓരോ പ്രഭാതത്തിലും അതു പുതിയതാണ്" (വിലാ 3:22). ഓരോ ദിനത്തിലും അവിടുന്ന് ആഹ്വാനം ചെയ്യുന്നതും ആദ്യ സ്നേഹത്തിലേക്കു മടങ്ങി വരാനാണ്. "എങ്കിലും നിനക്കെതിരെ എനിക്കൊന്നു പറയാനുണ്ട്. നിനക്ക് ആദ്യമുണ്ടായിരുന്ന സ്നേഹം നീ കൈവെടിഞ്ഞു. അതിനാൽ നീ ഏതവസ്ഥയിൽ നിന്നാണ് അധഃപതിച്ചതെന്നു ചിന്തിക്കുക. അനുതപിച്ച് ആദ്യത്തെ പ്രവൃത്തികൾ ചെയ്യുക" (വെളി 2:4).

**ആദ്യസിപ്പുകൾ** നമ്മെ ഒരുക്കുന്നത് അപരനു രുചി നൽകുന്ന ഒരു ജീവിതത്തിലേക്കാണ്. അതുകൊണ്ടായിരിക്കുമല്ലോ ഈശോ നമ്മെ ഓർമിപ്പിക്കുക, 'നിങ്ങൾ ലോകത്തിന്റെ ഉപ്പാണ്, ഉറകെട്ടു പോകാതെ സൂക്ഷിക്കുക. അല്ലെങ്കിൽ നിങ്ങൾ വലിച്ചെറിയപ്പെടു'മെന്ന്. അവഗണനകളും തിരസ്കരണങ്ങളും നമ്മെ ഒരുപാടു മുറിപ്പെടുത്താറുണ്ട്. എന്നാൽ അതിനു പിന്നിൽ ഒരു ഉറകെട്ട ജീവിതമില്ലേ എന്നു വല്ലപ്പോഴുമെങ്കിലും ചിന്തിക്കുന്നതു നല്ലതായിരിക്കും. സ്നേഹം വറ്റിപ്പോയ കുടുംബബന്ധങ്ങളിൽ സ്നേഹത്തിന്റെ രുചി പകരാൻ, കരുണ വറ്റിപ്പോയ അയൽപക്ക ബന്ധങ്ങളിൽ കരുണയുടെ രുചി പകരാൻ, അനുകമ്പ വറ്റിപ്പോയ മാതൃ-പിതൃ-പുത്ര ബന്ധങ്ങളിൽ അനുകമ്പയുടെ രുചി പകരാൻ, മനസ്സിലാക്കൽ വറ്റിപ്പോയ ഗുരു-ശിഷ്യ ബന്ധങ്ങളിൽ മനസ്സിലാക്കലിന്റെ രുചി പകരാൻ, വിട്ടുകൊടുക്കൽ വറ്റിപ്പോയ ഭാര്യഭർത്തൃ ബന്ധങ്ങളിൽ വിട്ടുകൊടുക്കലിന്റെ രുചി പകരാൻ, പങ്കുവയ്ക്കൽ നഷ്ടപ്പെട്ട സൗഹൃദങ്ങളിൽ പങ്കുവയ്ക്കലിന്റെ രുചി പകരാൻ ദൈവം വിളിക്കുന്നത് കേട്ടില്ലെന്നു നടിക്കുന്നവരുടെ ജീവിതങ്ങൾ നിശ്ചയമായും ഉറകെട്ടവയായിരിക്കും.

**ആദ്യസിപ്പുകൾ** നമ്മെ ക്ഷണിക്കുന്നത് ബഹുമാനാദരവുകൾ പരസ്പരം കൈമാറുന്ന മനുഷ്യരാകുവാനാണ്. അപരനില്ലാതെ ഒരു ജീവിതം നമുക്ക് അസാധ്യമല്ലേ? അപരനില്ലെങ്കിൽ പിന്നെ ഞാനെങ്ങനെ ഉണ്ണും, ഉടുക്കും, ഉറങ്ങും, എങ്ങനെ പഠിക്കും, എങ്ങനെ യാത്ര ചെയ്യും, എങ്ങനെ ചികിത്സിക്കും....? അതുകൊണ്ടു തന്നെ എല്ലാവരോടും ആദരവു പുലർത്തിയേ മതിയാവൂ.

**ആദ്യസിപ്പുകൾ** നമ്മെ ഒരുക്കുക ലഭിച്ച അനുഗ്രഹം നഷ്ടപ്പെടുത്താതെയിരിക്കാനാണ്. ഒരനുഭവം പങ്കുവയ്ക്കട്ടെ. കുടുംബാംഗങ്ങൾ മാത്രം പങ്കെടുക്കുന്ന ഞങ്ങളുടെ ഒരു ചെറിയ ചടങ്ങിൽ കാഞ്ഞിരപ്പള്ളിയിൽ നിന്നും അമ്മായിയും മക്കളും പങ്കെടുത്തു. അൾഷിമേഴ്സിന്റെ ആരംഭദിശയിലായിരുന്ന അമ്മായിയെ മകൾ ഭക്ഷണമേശയിൽ തന്റെ അടുത്തിരുത്തി. ഇത്തിരി കഴിച്ച് എഴുന്നേറ്റോടാനിരുന്ന അമ്മായിയെ പിടിച്ചിരുത്തി അവൾ വാരിക്കൊടുത്തു. 'മതി, മതി...' എന്നൊച്ച വച്ച് മകളുടെ കൈകൾ തട്ടിമാറ്റി എഴുന്നേറ്റോടിയപ്പോൾ കൊണ്ടുപോയി കൈയും വായും കഴുകിച്ച ശേഷം തിരികെ വന്നു. അമ്മയുടെ പാത്രത്തിൽ നിന്നും മിച്ചം വന്ന ഭക്ഷണം മുഴുവൻ ഒരു കറിവേപ്പില പോലും ബാക്കി വയ്ക്കാതെ അവൾ തന്റെ പാത്രത്തിലേക്കു വടിച്ചിട്ട് ഭക്ഷിച്ചു കൊണ്ട് അവൾ പറഞ്ഞു: 'ഭക്ഷണം കളയുന്നത് എനിക്കു സഹിക്കില്ല. ലോകത്ത് എത്ര മനുഷ്യരാണ് ഭക്ഷണമില്ലാതെ വിഷമിക്കുന്നത്'? ഭക്ഷണത്തിനിരുന്ന ഞങ്ങളെല്ലാം അന്ധാളിപ്പും കുറ്റബോധവും കൊണ്ട് കുനിഞ്ഞിരുന്നു പോയി.

അതങ്ങനെയാണ്, നദികൾക്ക് ഒഴുകാതിരിക്കാനാവില്ല, പാകമായ ഫലങ്ങൾക്കു വീഴാതിരിക്കാനാവില്ല, പ്രകാശത്തിനു പരക്കാതിരിക്കാനാവില്ല... കൃപയുള്ള മനുഷ്യർക്ക് അപരനിലേക്കു പടരാതിരിക്കാനുമാവില്ല. അറിഞ്ഞോ അറിയാതെയോ അവരുടെ വാക്കിലൂടെ കരങ്ങളിലൂടെ, പെരുമാറ്റത്തിലൂടെ അതു സംഭവിക്കുക തന്നെ ചെയ്യും.

ഇല്ലായ്മകളെ നോക്കി നിലവിളിക്കാതെ ലഭ്യമായ കൃപകൾ നഷ്ടപ്പെടുത്താതെ ദൈവം നൽകുന്ന അനുദിനജീവിതത്തിന്റെ സുഖദുഃഖമാകുന്ന സിപ്പുകൾ ആദ്യസിപ്പിന്റെ മധുരിമയോടെ നുകരുവാൻ നമുക്കാകട്ടെ.



# മക്കളെ വളർത്താം: തളരാതെ, തളർത്താതെ

**ഡോ. സലോ തോമസ്**
**ഏറ്റുമാനൂർ**

**കു**ടുംബജീവിതത്തിലേക്ക് പ്രവേശിക്കുന്ന ഓരോ വ്യക്തികളുടെയും അതിയായ ആഗ്രഹമാണ് ഒരു നല്ല അപ്പനാവുക, അമ്മയാവുക എന്നുള്ളത്. പലപ്പോഴും കുഞ്ഞുങ്ങൾ വളരുന്നതനുസരിച്ച് അവരിൽ നിന്നുണ്ടാകുന്ന പ്രതികരണങ്ങൾ കാണുമ്പോൾ ഒത്തിരി വിഷമമനുഭവിക്കുന്ന മാതാപിതാക്കളെ കാണാറുണ്ട്.

വിവാഹത്തിന്റെ രണ്ടു ലക്ഷ്യങ്ങളാണ് ഭാര്യയും ഭർത്താവും തമ്മിലുള്ള സ്നേഹവും ദൈവിക പദ്ധതിയോടു സഹകരിച്ചുകൊണ്ട് കുഞ്ഞുങ്ങൾക്ക് ജന്മം നൽകി അവരെ ദൈവഹിതപ്രകാരം വളർത്തുക എന്നതും. മക്കളെ വളർത്തുക എന്ന രണ്ടാമത്തെ ലക്ഷ്യത്തിന് നമുക്കു സ്വയമൊരു ഒരുക്കം ആവശ്യമാണ്. നമ്മൾ ഒരു അപ്പനും അമ്മയും ആകുന്നത് എപ്പോഴാണ്? ഒരു കുഞ്ഞ് അമ്മയുടെ ഉദരത്തിൽ ജനിക്കുംമുമ്പേ അവൻ അമ്മയുടെയും അപ്പന്റെയും ഹൃദയത്തിൽ ജനിക്കണം. അവനെക്കുറിച്ച് അവർ സ്വപ്നങ്ങൾ കാണണം. ഒരു കുഞ്ഞ് ഗർഭപാത്രത്തിൽ ഉരുവാകുന്ന നിമിഷംമുതൽ അപ്പനും അമ്മയും ഒത്തിരിയേറെ ശ്രദ്ധയോടും കരുതലോടുംകൂടി വേണം ആയിരിക്കുവാൻ. ഈ കാലഘട്ടം മുതലേ കുഞ്ഞിന്റെ ശരീരത്തിനും ആത്മാവിനും മനസ്സിനുംവേണ്ട പോഷണം നൽകേണ്ടത് ആവശ്യമാണ്.

ഒരു കുഞ്ഞിന്റെ പാരമ്പര്യവും വളർന്നുവരുന്ന സാഹചര്യങ്ങളും അവന്റെ സ്വഭാവത്തെ സ്വാധീനിക്കും. ഒരു കുഞ്ഞിന്റെ വളർച്ചയുടെ ഏറ്റവും പ്രധാനപ്പെട്ട കാലഘട്ടം എന്നു പറയുന്നത് അമ്മയുടെ ഉദരത്തിൽ ഒരുവാകുന്ന സമയം മുതൽ അഞ്ചു വയസ്സു വരെയുള്ള സമയമാണ്. ഒരു കുട്ടിയുടെ ശൈശവകാലഘട്ടമാണ് ഭാവിജീവിതത്തിന്റെ ബ്ലൂ പ്രിന്റ്.

ഒരു വ്യക്തി എന്തായിരിക്കുന്നുവോ അപ്രകാരം രൂപപ്പെടുന്നത് യാദൃശ്ചികമായിട്ടല്ല. മാതാപിതാക്കളുടെയും മറ്റു മുതിർന്നവരുടെയും സ്വാധീനം ശൈശവ കാലഘട്ടത്തിൽ പരമപ്രധാനമാണ്. മാതാപിതാക്കളുടെ പെരുമാറ്റവും പരിലാളനയും ശിക്ഷണവും കുട്ടിയെ സ്വാധീനിക്കുന്നതിൽ അതിന്റേതായ പങ്കുവഹിക്കുന്നു. ജീനുകളിലൂടെ മാതാപിതാക്കളിൽനിന്നും മക്കളിലേക്ക് കടന്നുവരുന്ന പാരമ്പര്യവും നിർണായക സ്വാധീനം ചെലുത്തും എന്നുള്ളതും ശരി തന്നെ. കുട്ടികൾ വൈകാരികമായി ആരോഗ്യമുള്ള വ്യക്തികളായി വളരുന്നത് മാതാപിതാക്കൾ അവരെ എങ്ങനെ വളർത്തുന്നു എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. പലപ്പോഴും മാതാപിതാക്കൾ തങ്ങളുടെ മാതാപിതാക്കളിൽ നിന്ന് തങ്ങൾക്കു കിട്ടിയത് എന്താണോ അത് അവരുടെ കുഞ്ഞുങ്ങൾക്ക് കൊടുക്കാറുണ്ട്.

ദൈവത്തിന്റെ ദാനമായ കുഞ്ഞുങ്ങൾ ദൈവം സ്വർഗത്തിൽനിന്നും നമുക്കോരോരുത്തർക്കും വളർത്തുന്നതിനുവേണ്ടി നൽകിയതാണ്. അതുകൊണ്ടുതന്നെ നമ്മുടെ കുഞ്ഞുങ്ങളെ ദൈവത്തോടും സഭയോടും ചേർത്തുവളർത്തുമ്പോൾ ഈ ഭൂമിയിൽ അവരുടെ മാലാഖമാരായ മാതാപിതാക്കളായ നമ്മുടെ ജോലി കുറേക്കൂടി എളുപ്പമാകും (CCC 2205). അതെ, ഈ ഭൂമിയിലെ മാലാഖമാരാണ് ഓരോ മാതാപിതാക്കളും.

കുട്ടികൾക്ക് ഏറ്റവും കൂടുതൽ ആവശ്യകമായ ഒന്നാണ് സ്നേഹം. അത് എത്ര കൊടുത്താലും അവർക്ക് മതിയാകുകയില്ല. കുഞ്ഞുങ്ങളെ സ്നേഹിക്കണമെന്ന് എല്ലാ മാതാപിതാക്കൾക്കും ആഗ്രഹമുണ്ട്. എന്നാൽ അത് എങ്ങനെയാവണം എന്ന് പലർക്കും അറിഞ്ഞുകൂടാ.

കുഞ്ഞുങ്ങളെ സ്നേഹിക്കുവാനായി അവരോടൊപ്പം നാം സമയം ചെലവഴിക്കണം. അവരെ കേൾക്കണം. ഓരോ കുഞ്ഞിന്റെയും ആവശ്യങ്ങൾ വ്യത്യസ്തമാണ്. അതു തിരിച്ചറിഞ്ഞ് അവന് അല്ലെങ്കിൽ അവൾക്കു വേണ്ടതു നൽകണം. മക്കളോടുള്ള നമ്മുടെ സ്നേഹം നമ്മുടെയുള്ളിൽമാത്രം ഉണ്ടായാൽപ്പോരാ; അതു പ്രകടമാക്കാൻ നാം മടിക്കരുത്. വാക്കുകൾകൊണ്ട് പറയണം. നമ്മൾ അവരെ സ്നേഹിക്കുന്നുണ്ട് എന്ന് നമ്മുടെ ഓരോ കുഞ്ഞുങ്ങളും മനസ്സിലാക്കണം. “സ്നേഹം സകലതും സഹിക്കുന്നു സകലതും വിശ്വസിക്കുന്നു സകലതും പ്രത്യാശിക്കുന്നു സകലത്തെയും അതിജീവിക്കുന്നു” (1 കോറി 13,11).

നല്ല മാതാപിതാക്കൾ മക്കളുടെ സുഹൃത്തുക്കളായിരിക്കും. അവരുടെ എന്തു വിഷമവും തെറ്റുകളും പൊട്ടത്തരങ്ങളും കേൾക്കുന്ന, അവരെ വിധിക്കാത്ത നല്ല സുഹൃത്തുക്കൾ ആയിരിക്കും. അതുകൊണ്ടാണ് മാതാപിതാക്കളാണ് ദൈവത്തിന്റെ സ്നേഹം മക്കളിലേക്ക് ഒഴുക്കുന്ന ചാനലുകൾ എന്നുപറയുന്നത്. മാതാപിതാക്കളിലൂടെ ഒഴുകുന്ന ദൈവത്തിന്റെ സ്നേഹവും കരുണയും, കുഞ്ഞുങ്ങളിലൂടെ മറ്റുള്ളവരിലേക്കും ഒഴുകും.

ചില വീടുകളിലെങ്കിലും മക്കളെ വളർത്തുന്നതിൽ അപ്പന്മാർ മുന്നോട്ടു വരാറില്ല. അങ്ങനെയുള്ള അപ്പന്മാർക്ക് നഷ്ടപ്പെടുന്നത് മക്കളെ വളർത്തുമ്പോൾ കിട്ടുന്ന വലിയ സന്തോഷമാണ്. ഓരോ അപ്പനും മക്കൾക്ക് പിതാവായ ദൈവത്തിന്റെ പ്രതിരൂപമാണ്.

അതുകൊണ്ട് മക്കളെ വളർത്തുന്നതിലും അവരെ സ്നേഹിക്കുന്നതിലും അപ്പനും അമ്മയും ഒരുപോലെ പ്രധാനപ്പെട്ടവരാണ്. മക്കൾക്ക് ഭക്ഷണവും വസ്ത്രവും കളിപ്പാട്ടങ്ങളുംമാത്രം നൽകിയാൽ മാതാപിതാക്കളുടെ ഉത്തരവാദിത്വം തീരുന്നില്ല. അവർക്ക് ഏറ്റവും കൂടുതൽ നാം നൽകേണ്ടതും അവർക്ക് ഏറ്റവും കൂടുതൽ ആവശ്യമുള്ളതും സ്നേഹം തന്നെയാണ്.

ഓരോ കുഞ്ഞുങ്ങളും വളരെ വ്യത്യസ്തരാണ്. ചിലർക്കൊക്കെ വളരെ വ്യത്യസ്തമായ സ്വഭാവ വൈകല്യങ്ങളും ഉണ്ടാകാം. അത് സ്വന്തം വീട്ടിൽവച്ചുതന്നെ പരിഹരിക്കേണ്ടതാണ്. ചെറുതീയെ അവഗണിച്ചാൽ വലിയ അഗ്നിബാധയെ അണയ്ക്കാൻ ആവില്ല. കുഞ്ഞുങ്ങളിൽ കാണുന്ന പെരുമാറ്റ വൈകല്യങ്ങൾ ചെറുപ്പത്തിൽ തന്നെ തിരുത്തപ്പെടേണ്ടതാണ്. "മകന്റെ ലജ്ജാകരമായ പ്രവൃത്തികൾ നിമിത്തം ദുഃഖിക്കാതിരിക്കേണ്ടതിന് അവനെ ശിക്ഷണത്തിൽ വളർത്തുവാൻ ശ്രദ്ധിക്കുക" (പ്രഭാ 30,13).

കുഞ്ഞുങ്ങളെ ശിക്ഷണത്തിൽ വളർത്തണമെന്നു പറയുമ്പോൾ അവരെ ഭയപ്പെടുത്തണ മെന്നോ അവർക്കു ദേഹോപദ്രവം ചെയ്യണമെന്നോ അർത്ഥമാക്കുന്നില്ല. നമ്മുടെ ശിക്ഷണങ്ങൾ ഒരിക്കലും അവരെ തളർത്തുന്നതിനു കാരണമാകരുത്.

കുടുംബങ്ങളിലെ ഒരുമിച്ചുള്ള പ്രാർത്ഥന, ഒരുമിച്ചുള്ള വചനവായന, ഒരുമിച്ചുള്ള പങ്കുവയ്ക്കലുകൾ, ഒരുമിച്ചുള്ള ഭക്ഷണം കഴിയ്ക്കൽ, തമാശ പറയൽ എന്നിവ കുഞ്ഞുങ്ങളെ ദൈവമക്കളായി വളർത്തുന്നതിനു നമ്മളെ സഹായിക്കും.

പല മാതാപിതാക്കളും മക്കളെ വളർത്തുന്നതിൽ വന്ന പോരായ്മകളോർത്ത് പിന്നീടു വിഷമിക്കാറുണ്ട്. നമ്മൾ കുട്ടികൾക്ക്, നമുക്കറിയാവുന്ന ഏറ്റവും നല്ല പരിപാലനയും സ്നേഹവും കൊടുത്തുവെങ്കിലും അതിൽ വീഴ്ചകൾ ഉണ്ടായിരിക്കാം. എന്നാൽ മനഃപൂർവ മായ അവഗണന ഉണ്ടാകാതിരിക്കാൻ നാം ശ്രദ്ധിക്കണം.

നമ്മുടെ കുഞ്ഞുങ്ങൾ ദൈവത്തിന്റെ മക്കളാണെന്ന് തിരിച്ചറിഞ്ഞ്, നമ്മുടെ കുറവു കൾമൂലം കുട്ടികൾക്ക് ലഭിക്കാതെ പോയ കുറവുകളെ ദൈവം നികത്തും എന്ന് തിരിച്ചറിഞ്ഞ് ദൈവത്തിൽ വിശ്വാസം അർപ്പിച്ചു ജീവിക്കുവാനും നല്ല ഒരു പുതുതലമുറയെ വാർത്തെടുക്കു വാനും നമുക്കെല്ലാവർക്കും സാധിക്കട്ടെ.

*"സഭ വിപുലമായ തോതിൽ എന്തായിരുന്നുവോ, കുടുംബം ചെറിയതോതിൽ അതായിരിക്കുന്നു: മാനുഷികകൂട്ടായ്മയിൽ ദൈവസ്നേഹത്തിന്റെ ഒരു പ്രതിച്ഛായ യഥാർത്ഥത്തിൽ മറ്റുള്ളവരോടുള്ള, ദൈവം അയയ്ക്കുന്ന കുട്ടികളോടുള്ള, തുറന്ന മനസ്ഥിതിയിലും പരസ്പരസ്വീകരണത്തിലും ആതിഥ്യപരമായ ഔദാര്യത്തിലും മറ്റുള്ളവർക്കായി നിലകൊള്ളാനുള്ള മനഃസ്ഥിതിയിലുമാണ് ഓരോ വിവാഹജീവിതവും പൂർണതയിലെത്തുന്നത്"*

(YOU CAT 271)




**സെലിൻ തെന്നാട്ട്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ആ**ഗോള കത്തോലിക്കസഭ മാർച്ച് 19 നു വിശുദ്ധ യൗസേപ്പിതാവിന്റെ മരണതിരുനാൾ അനുസ്മരിക്കുകയാണല്ലോ. വിശുദ്ധഗ്രന്ഥത്തിൽ ആ പുണ്യപിതാവിനെക്കുറിച്ച് അദ്ദേഹം നീതിമാനായിരുന്നു എന്നും അദ്ദേഹത്തിനു സ്വപ്നത്തിൽ ലഭിച്ച ദൈവിക ദർശനങ്ങളെക്കുറിച്ചും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ കുടുംബം, ശിഷ്ടജീവിതം എന്നിവയെപ്പറ്റി ഒരു പരാമർശവുമില്ല. പതിനെട്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മരിയ സിസിലിയാ ബയ്ജിൻ എന്ന ബനഡിക്ടൻ മഠാധിപ രചിച്ച "The life of St. Joseph" എന്ന പുസ്തകത്തിൽ യൗസേപ്പിതാവിന്റെ കുടുംബം, വംശം, ജനനസമയത്തിന് മുമ്പ് നടന്ന അത്ഭുതം, ജനനം, പരിച്ഛേദനം തുടങ്ങിയവയെക്കുറിച്ചു തനിക്കു ലഭിച്ച സ്വകാര്യവെളിപാടുകളെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്.

പിതാവായ ദൈവം വിശുദ്ധ യൗസേപ്പിതാവിനെ തന്റെ ഏകജാതന്റെ അമ്മയായ പരിശുദ്ധ മറിയത്തിന്റെ ഭർത്താവായിരിക്കുവാൻ മുൻകൂട്ടി നിശ്ചയിച്ചിരുന്നു. യൗസേപ്പിതാവിന് രൂപം നൽകാൻ അവിടുന്ന് ആഗ്രഹിച്ചപ്പോൾ ദൈവമാതാവിന്റെ ഉത്തമ ഭർത്താവാകാൻവേണ്ട എല്ലാ ഗുണഗണങ്ങളും മുൻകൂട്ടി കണ്ടിരുന്നു.

യാക്കോബിന്റെയും റാഹേലിന്റെയും മകനായിരുന്നു യൗസേപ്പ്. വിവാഹാനന്തരം അവർ നസ്രത്തിൽ താമസമാക്കി. ദാവീദിന്റെ വംശത്തിലും ഗോത്രത്തിലും പിറന്ന അവരിരുവരും വിശുദ്ധജീവിതം നയിക്കുന്നതിൽ ശ്രദ്ധിച്ചിരുന്നു. പ്രാർത്ഥിച്ചൊരുങ്ങിയശേഷംമാത്രം അനുഗൃഹീതനായ ഒരു പുത്രനെ അവർക്ക് ലഭിക്കേണ്ടതിന് അവരുടെ ദാമ്പത്യജീവിതം ഒരു നിശ്ചിതകാലത്തേക്ക് വന്ധ്യമായിരിക്കണമെന്ന് പിതാവായ ദൈവം നിശ്ചയിച്ചിരുന്നു. പുത്രസാഫല്യത്തിനായി അവർ ജറുസലേം ദൈവാലയത്തിൽ നിരവധി നേർച്ചകാഴ്ചകൾ അർപ്പിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി ജറുസലേം ദൈവാലയത്തിലേക്ക് അവർ നടത്തിയ തീർത്ഥാടനവേളയിലൊരിക്കൽ കണ്ണീരോടെ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ

റാഹേലിന് ദൈവം അവരുടെ യാചന ശ്രവിച്ചിരിക്കുന്നുവെന്ന വ്യക്തമായ ബോധ്യം ഉണ്ടായി.

നസ്രത്തിൽ തിരിച്ചെത്തി താമസിയാതെതന്നെ അവൾ ഗർഭം ധരിച്ചു. ആ സമയത്ത് അവരുടെ വസതിയുടെ നേരെ മുകളിൽ അസാധാരണ ശോഭയിൽ വെട്ടിത്തിളങ്ങുന്ന മൂന്നു നക്ഷത്രങ്ങൾ പ്രത്യക്ഷപ്പെട്ടു. പ്രകാശധോരണിയിൽ ഒന്ന് മറ്റൊന്നിനെ അതിശയിക്കുംവിധം വളരെ വിസ്മയജനകമായിരുന്നു ആ കാഴ്ച. ജനിക്കാൻ പോകുന്ന ശിശു ഭൂമിയിൽ തിരുകുടുംബത്തിന്റെ തലവനാകാൻ തെരഞ്ഞെടുക്കപ്പെട്ടവനാണെന്നതിന്റെ വെളിപ്പെടുത്തലായിരുന്നു അത്.

റാഹേൽ പൂർവാധികം ശക്തിയോടെ സുകൃതങ്ങൾ അഭ്യസിക്കുകയും സത്കൃത്യങ്ങൾ പ്രവർത്തിക്കുകയും ചെയ്തു. ശിശുവിന് ശാരീരികപോഷണം മാത്രമല്ല, അമ്മയുടെ സുകൃതങ്ങൾ വഴിയുള്ള ആത്മീയ നിറവും ലഭിച്ചുകൊണ്ടിരുന്നു. മാതാപിതാക്കളുടെ ആനന്ദം വീണ്ടും വർധിക്കാൻ കാരണമായ ഒരു സംഭവമുണ്ടായി. ദൈവത്തിന്റെ മാലാഖ സ്വപ്നത്തിൽ പ്രത്യക്ഷപ്പെട്ട്, ജനിക്കാനിരിക്കുന്ന ശിശുവിനെ സംബന്ധിച്ച ചില രഹസ്യങ്ങൾ അവർക്ക് വെളിപ്പെടുത്തി. ജനിക്കാനിരിക്കുന്ന ശിശു മിശിഹായെ കാണാനും അവനോടൊത്ത് ജീവിക്കാനും ഭാഗ്യം ലഭിച്ചവനാണെന്നും, അവനെ യൗസേപ്പ് എന്ന് വിളിക്കണമെന്നും ദൈവത്തിന്റെ മുൻപിൽ അവൻ ഒരു മഹത്‌വ്യക്തിയായിരിക്കും എന്നും അവർക്ക് വെളിപ്പെടുത്തി. റാഹേൽ അനുദിനം പ്രാർത്ഥനയിലും ഉപവാസത്തിലും ദാനധർമ്മങ്ങളിലും ദൈവത്തെ പ്രസാദിപ്പിച്ചു പോന്നു. ദൈവത്തിന്റെ കാരുണ്യത്തിനും ഔദാര്യത്തിനും അവൾ നന്ദി പറഞ്ഞു.

പ്രാർത്ഥനയുടെയും കാത്തിരിപ്പിന്റെയും അവസാനം റാഹേൽ യൗസേപ്പിനെ പ്രസവിച്ചു. ആ സമയത്ത് റാഹേലിനും അവളെ പരിചരിച്ച മറ്റു സ്ത്രീകൾക്കും വലിയ സമാശ്വാസം പ്രദാനം ചെയ്ത ഒരു അനുഭവമുണ്ടായി. മുമ്പ് പ്രത്യക്ഷപ്പെട്ട ആ മൂന്നു നക്ഷത്രങ്ങൾ അവരുടെ വസതിയുടെ മുകളിൽ വീണ്ടും പ്രത്യക്ഷപ്പെടുകയും അവരെ വിസ്മയിപ്പിച്ചുകൊണ്ട് അപ്രത്യക്ഷമാകുകയും ചെയ്തു. ആ സമയത്ത് ശിശു കണ്ണുകൾ തുറന്ന് സ്വർഗത്തിലേക്ക് നോക്കുകയും നക്ഷത്രങ്ങളെ ശ്രദ്ധിക്കുകയും ചെയ്തു.

യൗസേപ്പ് ജന്മനാ ശാന്തനായിരുന്നു. തന്നെ അമിതമായി താലോലിക്കുന്നത് അവൻ ഇഷ്ടപ്പെട്ടിരുന്നില്ല. തന്റെ വിളിക്കും തെരഞ്ഞെടുപ്പിനും അനുസൃതമായ പരിശുദ്ധി കാത്തുസൂക്ഷിക്കുന്നതിൽ കുട്ടിക്കാലംമുതലേ യൗസേപ്പ് ശ്രദ്ധയുള്ളവനായിരുന്നു. ജനനത്തിന്റെ എട്ടാം ദിവസം പരിച്ഛേദനം നടത്തുകയും ശിശുവിന് യൗസേപ്പ് എന്ന പേരു നൽകുകയും ചെയ്തു. ദൈവം നിരവധിയായ കൃപകൾ അവന്റെമേൽ ചൊരിഞ്ഞു. എല്ലായ്പ്പോഴും ഒരു പുഞ്ചിരി അവന്റെ കുഞ്ഞു കവിൾത്തടങ്ങളിൽ കളിയാടിയിരുന്നു. അവന്റെ ഹൃദയത്തിൽ കുടികൊണ്ടിരുന്ന ആത്മാവിന്റെ സാന്നിധ്യമായിരുന്നു അവന്റെ മുഖഭാവത്തിൽ പ്രകടമായിരുന്ന ആനന്ദത്തിന്റെയും ആഹ്ലാദത്തിന്റെയും അടിസ്ഥാനം. മാലാഖയിലൂടെ ദൈവം സ്വപ്നത്തിൽ യൗസേപ്പിനോട് സംസാരിക്കുകയും ദൈവത്തിന് പ്രീതികരമാംവിധം വർത്തിക്കാൻ അവൻ എന്തു ചെയ്യണമെന്ന് നിർദ്ദേശം കൊടുക്കുകയും ചെയ്തിരുന്നു. ഇളംപ്രായത്തിൽതന്നെ യൗസേപ്പിന് ദൈവത്തെ കൂടുതലായി അറിയാനും അവിടുത്തെ സ്തുതിക്കാനുമുള്ള വലിയ അനുഗ്രഹം ലഭിച്ചിരുന്നു. കാരുണ്യവാനായ ദൈവം യൗസേപ്പിന്റെ സമർപ്പണത്തിൽ സദാ സംപ്രീതനായിരുന്നു. തനിക്ക് ലഭിച്ചിരിക്കുന്ന ഉന്നതമായ ദാനങ്ങളെക്കുറിച്ച് നല്ല അവബോധമുണ്ടായിരുന്ന യൗസേപ്പ് നന്ദിപൂർവ്വം ദൈവസന്നിധിയിൽ അത് അനുസ്മരിക്കുകയും ചെയ്തിരുന്നു. ദൈവം നല്കിയിട്ടുള്ളതിനെല്ലാം നന്ദി പറഞ്ഞുകൊണ്ട്, ദൈവേഷ്ടപ്രകാരം ജീവിക്കാൻ നമുക്കും പരിശ്രമിക്കാം.



# സ്നേഹം

**സ്റ്റെഫി മംഗലത്തുകുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**സ്കൂ**ൾ വിട്ട സമയത്താണ് ബസിൽ കയറിയത്. തിരക്കിനെക്കാളേറെ ശ്രദ്ധേയമായത് അവരുടെ സംസാരമാണ്. കലപില ശബ്ദത്തിനിടയിൽ പരിഭവത്തിന്റെ ഒരു സ്വരം ചെവിതുളച്ച് അകത്തുകയറി: "സീൻ ആക്കിയതാ, ഇന്നുവരെ മറുപടി തന്നില്ല". ഏതോ ഒരു സുഹൃത്തിനു വാട്ട്സ് ആപ്പിൽ അയച്ച മെസ്സേജിനു മറുപടി കിട്ടാതെ പോയതിന്റെ പരിഭവം! "സാരമില്ലെടീ, വിട്ടുപോയതാവും..." എന്നതു മുഴുമിപ്പിക്കാൻ അനുവദിക്കാതെ അവൾ പറഞ്ഞു: "അതുകഴിഞ്ഞു മെസ്സേജ് ഇട്ട വേറെ പലർക്കും മറുപടി കൊടുത്തല്ലോ...."

മനുഷ്യന്റെ സ്നേഹം പലപ്പോഴും വ്യവസ്ഥ വയ്ക്കുന്നതാണ്. ഞാൻ ആഗ്രഹിക്കുന്നതുപോലെ, ഞാൻ കൊടുത്തതുപോലെ... എന്നിങ്ങനെ. പ്രതീക്ഷിച്ചതു കിട്ടാതെ വരുമ്പോഴാണ് മേൽ പറഞ്ഞ പരാതിയുടെ പല പതിപ്പുകൾ കേൾക്കാൻ ഇടയാകുന്നത്. സുവിശേഷത്തിലെ സുവർണ്ണ നിയമം "മറ്റുള്ളവർ നിങ്ങളോട് എങ്ങനെ പെരുമാറണമെന്നു നിങ്ങൾ ആഗ്രഹിക്കുന്നുവോ അതുപോലെ നിങ്ങൾ അവരോടും പെരുമാറുവിൻ" (ലൂക്കാ 6:31) എന്നതാണ്. എന്നാൽ 'മറ്റുള്ളവരെ ഞാൻ സ്നേഹിക്കുന്നതുപോലെതന്നെ അവർ എന്നെയും സ്നേഹിക്കണമെന്നു' ശഠിച്ചാൽ അതിനെ സ്നേഹമെന്നു വിശേഷിപ്പിക്കാനാവുമോ?

പൗലോസ് ശ്ലീഹാ വിവരിച്ച സ്നേഹം ദീർഘക്ഷമയുള്ളതാണ്, ദയയുള്ളതാണ്. അസൂയപ്പെടാത്ത, ആത്മപ്രശംസ ചെയ്യാത്ത, അഹങ്കരിക്കാത്ത, അനുചിതമായി പെരുമാറാത്ത, സ്വാർത്ഥതയില്ലാത്ത, കോപിക്കാത്ത, വിദ്വേഷം പുലർത്താത്ത, അനീതിയിൽ ആഹ്ലാദിക്കാത്ത സ്നേഹമാണ്. സകലതും സഹിക്കുന്ന, സകലതും പ്രത്യാശിക്കുന്ന, സകലത്തെയും അതിജീവിക്കുന്ന സ്നേഹമാണ്.

"സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല" (1 കൊറി 13:8). സ്നേഹിക്കാൻ യാതൊരു കാരണവും ഇല്ലാത്തപ്പോഴും വെറുക്കാൻ തക്കതായ കാരണമുള്ളപ്പോഴും തിരികെ കിട്ടാൻ

പോകുന്നില്ല എന്ന് ഉറപ്പുള്ളപ്പോഴും സ്നേഹിക്കാൻ സാധിക്കുന്നുണ്ടെങ്കിൽ അതാണു യഥാർത്ഥ സ്നേഹം.

വയോധികനായ ഒരു മനുഷ്യൻ എന്നും അതിരാവിലെ ഉടുത്തൊരുങ്ങി പോകുന്നതും രാത്രി ഏറെ വൈകി തിരികെ വരുന്നതും കണ്ട പുതിയ അയൽക്കാരൻ പയ്യന് ഒരു കൗതുകം. കൗശലത്തോടെ കാര്യമന്വേഷിച്ച ചെറുപ്പക്കാരനോട് അയാൾ പറഞ്ഞു: "എന്റെ ഭാര്യ മറവി രോഗം ബാധിച്ച് ഒരു വൃദ്ധസദനത്തിലാണ്. ദിവസത്തിൽ ഏതെങ്കിലുമൊരു സമയം അവൾക്ക് ഓർമ്മ വരും. അപ്പോൾ എന്നെ തിരിച്ചറിയും. അതുകൊണ്ട് അവൾ ഉണരുന്നതിനു മുമ്പേ ഞാൻ അവിടെ ചെല്ലും. അവൾ ഉറങ്ങിയിട്ടേ തിരിച്ചുപോരൂ". ആധുനികത സമ്മാനിച്ച 'use and throw' യുടെ തത്ത്വത്തിനു നിരക്കുന്നതല്ല ആത്മാർത്ഥ സ്നേഹത്തിന്റെ അലിഖിത നിയമങ്ങൾ.

ഇങ്ങനെയൊക്കെ സ്നേഹിക്കാൻ ആർക്കു സാധിക്കും എന്നാണെങ്കിൽ അതിനുത്തരം സുവിശേഷം തരും. വലിയൊരു ജനാവലിയുടെ നടുക്കുനിന്നും തനിക്കിഷ്ടപ്പെട്ടവരെ പേരു വിളിച്ച് മാറ്റി നിർത്തിയപ്പോൾ അവനറിയാമായിരുന്നു ഈ പത്രോസ് ഒരിക്കൽ തന്നെ അറിയില്ല എന്നു പറയുമെന്നും യൂദാസ് തന്നെ ഒറ്റിക്കൊടുക്കുമെന്നുമൊക്കെ. പക്ഷേ അവൻ സ്നേഹിച്ചു; ഒന്നും തിരികെ കിട്ടില്ല എന്ന് അറിഞ്ഞുകൊണ്ടു തന്നെ.

ചിന്തിക്കുവാനും പറയുവാനും എളുപ്പമാ.... പക്ഷേ ജീവിതത്തിന്റെ ഭാഗമാക്കണമെങ്കിൽ തെല്ലു വിഷമിക്കും. അപരനെ തന്നെപ്പോലെതന്നെ സ്നേഹിക്കണമെങ്കിൽ അല്പമൊന്നു താഴണം. ഞാൻ ആഗ്രഹിക്കുന്നതുപോലുള്ള ആഗ്രഹങ്ങളും എനിക്കുള്ളതുപോലെ കുറവുകളും ഉള്ള വ്യക്തിയാണ് അവനെന്നു മനസ്സിലാക്കണം. അപ്പോഴേ വേണ്ടവിധം സ്നേഹിക്കാൻ നാം പ്രാപ്തരാകൂ.

ശല്യമായി തോന്നുന്നവരെയും എപ്പോഴും വഴക്കുപിടിക്കുന്നവരെയും ഏഷണി പറഞ്ഞു നടക്കുന്നവരെയും പാര വയ്ക്കുന്നവരെയുമൊക്കെ നെഞ്ചോടു ചേർത്തു സ്നേഹിക്കണമെങ്കിൽ തമ്പുരാന്റെ നെഞ്ചിൽ ഒരിടം നാം ആദ്യമേ ഉറപ്പാക്കണം. കാരണം അവന്റെ സ്നേഹിതർ ചുങ്കക്കാരും പാപികളുമൊക്കെയായിരുന്നു. കഴമ്പുള്ള, കലർപ്പില്ലാത്ത, കരുതലുള്ള സ്നേഹം അപരനു കൊടുക്കാൻ ദിവ്യഗുരുവിന്റെ ജീവിതം നമുക്കു മാതൃകയാകട്ടെ.

> ***"നമ്മുടെ കൂട്ടായ്മ അന്യരെ ആഹ്ലാദിപ്പിക്കുമെന്ന് ചിലപ്പോഴൊക്കെ നാം വിചാരിച്ചേക്കും. എന്നാൽ നമ്മുടെ ക്രമക്കേടുകൾ അവർക്ക് അപ്രീതി വരുത്തുകയാണു ചെയ്യുന്നത്. ലൗകായതികരായ ചങ്ങാതിമാരെ വർജ്ജിക്കുക. ക്രമരഹിതവും ദൈവസ്നേഹത്താൽ നിയന്ത്രിതവുമല്ലാത്ത മമതയും സംഭാഷണങ്ങളും ഉപേക്ഷിക്കുക. ഇവയെല്ലാം ആത്മാവിനെ അശുദ്ധമാക്കുന്നു. ദൈവത്തിൽനിന്നും നമ്മെ അകറ്റുന്നു. ഏകാഗ്രമായി ധ്യാനിക്കുന്നതിനു തടസ്സം വരുത്തുന്നു. രക്ഷയ്ക്ക് ആവശ്യമായ ആന്തരികചൈതന്യം നഷ്ടപ്പെടുത്തുന്നു. അങ്ങനെ ആപത്തുകൾ പെരുകുന്നു".***
>
> *(ക്രിസ്താനുകരണം)*

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



റോസ്മേരി കുസ്മോസ്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം**: പരിശുദ്ധ അമ്മേ, അങ്ങേ പ്രിയ പുത്രൻ തീവ്രവേദനയിൽ മുഴുകി പിതാവിന്റെ തിരുവിഷ്ടം നിറവേറട്ടെ എന്ന് തീക്ഷ്ണമായി പ്രാർത്ഥിച്ചതുപോലെ ഞങ്ങളുടെ സഹനനിമിഷങ്ങളിലും പ്രാർത്ഥിക്കാൻ ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: പരിശുദ്ധ അമ്മേ, അങ്ങയുടെ ഓമൽസുതൻ ചമ്മട്ടിയാൽ അടിക്കപ്പെട്ട് വേദനസഹിച്ചത് പാപികളായ ഞങ്ങളുടെ പാപ പ്പൊറുതിയ്ക്കായാണല്ലോ. ഞങ്ങളുടെ ജീവിതത്തിലുണ്ടാകുന്ന സഹനങ്ങളെ പാപികളുടെ മാനസാന്തരത്തിനായി സ്വീകരിക്കുവാൻ ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: പരിശുദ്ധ അമ്മേ, അങ്ങേ പ്രിയപുതൻ ഞങ്ങൾക്കുവേണ്ടി മുൾക്കിരീടം ധരിക്കപ്പെട്ട് അപമാനിതനായി. ഞങ്ങൾക്കുണ്ടാകുന്ന മാനസികസംഘർഷ ത്തിന്റെ സഹനാനുഭവങ്ങൾ സന്തോഷത്തോടെ സ്വീകരിക്കാൻ ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ.


*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: പരിശുദ്ധ അമ്മേ, ഈശോനാഥന്റെ കാൽവരിയാത്രയിൽ കുരിശു ചുമക്കാൻ ശിമയോൻ സഹായിച്ചല്ലോ. അതുപോലെ ഞങ്ങളുടെ സഹോദരങ്ങളുടെ കുരി ശുകൾ താങ്ങാൻ അവരെ സഹായിക്കുന്നതിനുള്ള കൃപയ്ക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: പരിശുദ്ധ അമ്മേ, അങ്ങേ പ്രിയപുത്രൻ കുരിശിൽ കിടന്ന് തന്റെ ആത്മാവിനെ പിതൃതൃക്കരങ്ങളിൽ സമർപ്പിച്ചല്ലോ. ഇപ്രകാരം ഞങ്ങളുടെ ജീവിതാന്ത്യ ത്തിലും ദൈവപിതാവിന്റെ കരങ്ങളിൽ ആത്മാവിനെ അർപ്പിക്കാൻ തക്കവിധം ജീവിക്കു വാൻ ഞങ്ങൾക്കായി മാദ്ധ്യസ്ഥ്യം വഹിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*


“അവൻ എല്ലാവരോടുമായി പറഞ്ഞു:
ആരെങ്കിലും എന്നെ അനുഗമിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ
അവൻ തന്നെത്തന്നെ പരിത്യജിച്ച്
അനുദിനം തന്റെ കുരിശുമെടുത്തുകൊണ്ട്
എന്നെ അനുഗമിക്കട്ടെ.
സ്വന്തം ജീവൻ രക്ഷിക്കാൻ ആഗ്രഹിക്കുന്നവൻ
അതു നഷ്ടപ്പെടുത്തും;
എന്നെപ്രതി സ്വജീവൻ നഷ്ടപ്പെടുത്തുന്നവൻ
അതിനെ രക്ഷിക്കും.
ഒരുവൻ ലോകം മുഴുവൻ നേടിയാലും
തന്നെത്തന്നെ നഷ്ടപ്പെടുത്തുകയോ
നശിപ്പിക്കുകയോ ചെയ്താൽ
അവന് എന്തു പ്രയോജനം?”
(ലൂക്കാ 9,23-25)

**PRATHEEKSHAYUDE POOMOTTUKAL** (Malayalam Monthly)

**RNI: KERMAL/2014/59983**

**Published on 24th February 2024**




**Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com**

**Editor: Fr. Mathew Vellanickal**